# സമഗ്ര ഗുണമേന്മ വിദ്യാലയ വികസന രേഖ

**FRANCIS K K**
HEADMASTER
PEN No: 664565
ST. ANTONY'S HIGHER SECONDARY SCHOOL
PUTHENPEEDIKA 680642

ജ്ഞാനം

വിജയ

ജ്യോതി

ST.ANTONY'S H.S.S. PUTHENPEEDIKA


ST.ANTONY'S HIGHER SECONDARY SCHOOL
PUTHENPEEDIKA. Ph: 0487 2273233, 2270508.

# അടിസ്ഥാനവിവരങ്ങൾ

വിദ്യാലയത്തിന്റെ പേര് : സെന്റ് ആന്റണീസ് എച്ച്.എസ്.എസ് പുത്തൻപീടിക.

വിലാസം : പുത്തൻപീടിക

ഫോൺ : 04872273233

സ്കൂൾ കോഡ് : 22029

വിദ്യാഭ്യാസ ഉപജില്ല : തൃശ്ശൂർ വെസ്റ്റ്

വിദ്യാഭ്യാസ ജില്ല : തൃശ്ശൂർ

ബി. ആർ. സി : അന്തിക്കാട്

ഗ്രാമപഞ്ചായത്ത് : അന്തിക്കാട്

ബ്ലോക്ക് പഞ്ചായത്ത് : അന്തിക്കാട്

ജില്ലാ പഞ്ചായത്ത് : തൃശ്ശൂർ

നിയമസഭാ മണ്ഡലം : നാട്ടിക

ലോകസഭാ മണ്ഡലം : തൃശ്ശൂർ

താലൂക്ക് : തൃശ്ശൂർ

വില്ലേജ് : അന്തിക്കാട്

ഇമെയിൽ : സെന്റ്. ആന്റണീസ്-എച്ച്എസ്-പുത്തൻപീടിക@ജിമെയിൽ. കോം.
st.antonyshsputhenpeedika@gmail.com

# ആമുഖം

വൈവിധ്യമാർന്നതും തനിമയുള്ളതുമായ അന്വേഷണങ്ങളിലൂടെയും ഇടപെടലുകളിലൂടെയും പൊതുവിദ്യാഭ്യാസത്തെ കരുത്തുറ്റതാക്കിത്തീർക്കാൻ വ്യക്തമായ കാഴ്ചപ്പാടും ശക്തമായ ഇടപെടലുകളും അചഞ്ചലമായ ഇച്ഛാശക്തിയും കോർത്തിണക്കിക്കൊണ്ട് ഒത്തൊരുമിച്ചുള്ള ഒരു മഹായജ്ഞമാണ് രൂപപ്പെടേണ്ടത്.

തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ, ജനപ്രതിനിധികൾ, രക്ഷാകർത്താക്കൾ, വിദ്യാഭ്യാസ പ്രവർത്തകർ, മാനേജ്മെന്റ്, അധ്യാപകർ എന്നിവരുടെ കൂട്ടായ്മയാണ് സമഗ്രഗുണമേന്മാ വിദ്യാലയ വികസനപദ്ധതികളുടെ വിജയം. വിദ്യാലയ വികസന പദ്ധതികളുടെ മാസ്റ്റർപ്ലാൻ തയ്യാറാക്കുമ്പോൾ പ്രാദേശിക മികവിന് മുൻതൂക്കം നൽകേണ്ടത് അത്യന്താപേക്ഷിതമാണ്. സ്കൂളുകൾ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് ലക്ഷ്യമിടേണ്ടത് പ്രധാനമായും ഭൗതികപരവും സാമൂഹ്യതലവുമാവണം.

അതിനായി ചെറുതും വലുതുമായ ഒട്ടേറെ പ്രവർത്തനങ്ങൾ ഓരോ മാസവും ഏറ്റെടുത്ത യജ്ഞം വിജയിപ്പിക്കുവാനും 2024-25 അധ്യയന വർഷത്തെ വിദ്യാലയ വികസന ഘട്ടത്തിന്റെ രൂപരേഖ തയ്യാറാക്കാനു മാജി വാർഡ് മെമ്പർ, പി.ടി.എ ഭാരവാഹികൾ, അധ്യാപകർ, അനധ്യാപകർ എന്നിവർ ഒന്നിച്ച് യോഗം ചേർന്ന്

പദ്ധതികളുടെ വിജയത്തിനായി തുടർനടപടികൾ എടുക്കുവാനും തീരുമാനമെടുത്തു.

എല്ലാ കുട്ടികളും ഉയർന്ന വായനശേഷികൾ (വിശകലനാത്മക വായന, വിമർശനാത്മക വായന തുടങ്ങിയവ) കൈവരിക്കുന്നതിന് അവസരങ്ങൾ ഉണ്ടാകും. വായനാനുഭവങ്ങൾ പങ്കിടുകയും വ്യത്യസ്ത രീതികളിൽ ആവിഷ്കരിക്കുകയും ചെയ്യുന്നതുവഴി പഠനത്തിന്റെ ആഴം വർധിപ്പിക്കുന്ന പ്രക്രിയയായി വായന മാറും.

തീരുമാനമെടുക്കുന്നതിനും പ്രവർത്തനം നടപ്പിലാക്കുന്നതിനും വിലയിരുത്തുന്നതിലും എല്ലാ പെൺകുട്ടികൾക്കും അവസരങ്ങൾ ഉറപ്പാക്കും. ക്യാമ്പുകൾ, വ്യക്തിത്വ വികസന ശില്പശാലകൾ എന്നിവ സംഘടിപ്പിച്ച് എല്ലാ പെൺകുട്ടികൾക്കും ആത്മവിശ്വാസവും പ്രതികരണശേഷിയും അറിവിന്റെ കരുത്തും വിമർശനാവബോധവും വിശകലനശേഷിയും ഉറപ്പാക്കും.

ഇത്തരം ആസൂത്രിത അക്കാദമിക പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിലൂടെ അന്താരാഷ്ട്ര നിലവാരമുള്ള വിദ്യാഭ്യാസമെന്ന ലക്ഷ്യം സാക്ഷാത്കരിക്കാനാകും.

# ലക്ഷ്യങ്ങൾ

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ലക്ഷ്യങ്ങൾ പ്രധാനമായും അക്കാദമിക് പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകുന്നവയായിരിക്കും.

* അതാതു ക്ലാസുകളിൽ നേടേണ്ട പഠനശേഷികൾ ഉറപ്പാക്കും
* സർഗ്ഗപരവും അക്കാദമികവും കായികവുമായ കഴിവ് പ്രോത്സാഹിപ്പിക്കും
* മൂന്നു ഭാഷകളിൽ മികച്ച ആശയവിനിമയ ശേഷി ഉറപ്പാക്കും.
* എല്ലാ കുട്ടികൾക്കും ആത്മവിശ്വാസവും പ്രതികരണ ശേഷിയും അറിവിന്റെ കരുത്തും വിമർശനാവബോധവും വിശകലന ശേഷിയും ഉറപ്പാക്കും.
* എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരായി മാറ്റും.
* അക്കാദമിക തലത്തിൽ ആവശ്യം വേണ്ടുന്ന കുട്ടികൾക്ക് കൗൺസിലിംഗ് സൗകര്യം ലഭ്യമാക്കും.
* കാർഷിക സംസ്കാരം വളർത്തിയെടുക്കും.
* ലഹരിവിരുദ്ധ മനോഭാവം വളർത്തിയെടുക്കും.
* എല്ലാ കുട്ടികളിലും സമഗ്രമായ ശുചിത്വശീലങ്ങൾ വളർത്തിയെടുക്കും.
* ലൈബ്രറി, ലബോറട്ടറി എന്നിവ ആധുനികവൽക്കരിക്കും.

# വിദ്യാലയ ചരിത്രം

പുത്തൻപീടിക സെന്റ് ആന്റണീസ് പള്ളി വികാരി ആയിരുന്ന റവ. ഫാ. ജോൺ ചിറയത്തിന്റെ അശ്രാന്ത പരിശ്രമഫലമായാണ് 1948 ൽ അപ്പർ പ്രൈമറി സ്കൂളായി ആരംഭിച്ചത്. ഒ.എ ഒ.എ ഇയ്യപ്പൻ പള്ളിക്ക് സംഭാവനയായി നൽകിയ ഒ.എ.ഒ.എ ഇയ്യപ്പൻ സ്മാരക ഹാളിലാണ് ആദ്യമായി പ്രവർത്തനം ആരംഭിച്ചത്. 1976-1977 വർഷത്തിൽ അരണാട്ടുകര തരകൻസ് ഹൈസ്കൂളിന്റെ ബ്രാഞ്ച് സ്കൂളായി പ്രവർത്തനം ആരംഭിച്ച് രണ്ട് വർഷത്തിനു ശേഷം ഒരു സ്വതന്ത്ര ഹൈസ്കൂൾ ആയി മാറി. 1978-79 ൽ ആയിരുന്നു ആദ്യത്തെ എസ്.എസ്.എൽ.സി ബാച്ച് പുറത്തിറങ്ങിയത്. 2010 ൽ ഈ സ്ഥാപനം ഒരു ഹയർസെക്കന്ററി വിദ്യാലയമായി മാറി.

ഈ വർഷത്തെ എസ്.എസ്.എൽ.സി ബാച്ചിനെയും കഴിഞ്ഞ പത്ത് വർഷങ്ങളിൽ എസ്.എസ്.എൽ.സി ബാച്ചുകൾ 100% വിജയം നേടിയതു പോലെ ഉന്നതിയിലെത്തിക്കാൻ ഇപ്പോഴത്തെ ഹെഡ്മാസ്റ്റർ ശ്രീ. ഫ്രാൻസിസ് കെ.കെ യും സ്റ്റാഫ് അംഗങ്ങളും അശ്രാന്ത പരിശ്രമം ചെയ്തു വരുന്നു. 2010 ൽ ഹയർസെക്കന്ററി വിഭാഗം ആരംഭിച്ചതോടെ നാടിന്റെ നാനാഭാഗത്ത് നിന്നും പഠനത്തിനായി കുട്ടികൾ ഇവിടെ എത്തിച്ചേരുന്നു. ഹയർസെക്കന്ററി വിഭാഗവും പ്രിൻസിപ്പൽ ശ്രീമതി. ലിൻസി. പി.ഒ. ജോസഫിന്റെ നേതൃത്വത്തിൽ വിജയം കൊയ്ത് കൊണ്ട് മുന്നേറുന്നു.

# വിദ്യാലയം മികവിന്റെ കേന്ദ്രം.

അക്കാദമിക് തലത്തിൽ 100% വിജയം കൈവരിക്കാൻ 2024 - 2025 അധ്യയന വർഷത്തെ SSLC, +2 ബാച്ചുകൾക്ക് സാധിച്ചു. കുട്ടികളുടെ കലാകായിക കഴിവുകൾ പരിപോഷിപ്പിച്ചതിന്റെ ഫലമായി വിവിധ മത്സരങ്ങളിൽ ഉപജില്ലാ തലത്തിലും ജില്ലാ തലത്തിലും മികച്ച വിജയം കൈവരിക്കാൻ കഴിഞ്ഞു.

സ്വയം തൊഴിൽ കണ്ടെത്തുന്നതിന്റെ ഭാഗമായി ചവിട്ടി നിർമ്മാണം, പേപ്പർ ബാഗ് നിർമ്മാണം, കളിമൺ വസ്ത്ര നിർമ്മാണം, ഫിനോയിൽ പരിശീലനം നൽകി വരുന്നു. വിദ്യാർത്ഥികളുടെ ശാരീരിക മാനസിക ആരോഗ്യം കൈവരിക്കാനുതകുന്ന വിധത്തിൽ 'യോഗ', കരാട്ടെ പരിശീലനം നൽകി വരുന്നു.

കായികമായ കഴിവുകൾ വികസിപ്പിക്കുന്ന തരത്തിൽ വിദ്യാർത്ഥികൾക്ക് സ്കൂളിൽ ഫുട്ബോൾ, വോളിബോൾ പരിശീലനം നൽകി വരുന്നു. അവധിക്കാലത്തും പരിശീലനത്തിനായി വരുന്ന കുട്ടികൾക്ക് ആഹാരം ഒരുക്കുന്നു. കരിയർ ഗൈഡൻസിന്റെ ഭാഗമായി കുട്ടികൾക്ക് പുതിയ കോഴ്സുകളെ കുറിച്ചും തൊഴിൽ അവസരങ്ങളും അവബോധ ക്ലാസുകൾ നൽകി വരുന്നു. സൗഹൃദ ക്ലബിന്റെ നേതൃത്വത്തിൽ കൗമാര പ്രശ്ന പരിഹാരത്തിനായി പ്രത്യേക അവബോധ ക്ലാസുകളും കുട്ടികളുടെ അമ്മമാർക്കായി പ്രത്യേക ക്ലാസുകളും നടത്തുവാൻ സാധിച്ചു.

പ്ലാസ്റ്റിക് നിർമാർജ്ജന യജ്ഞം സ്കൂൾ പരിസരത്തു മാത്രമ ഒതുങ്ങാതെ പരിസരത്തുള്ള പൊതുസ്ഥലങ്ങൾക്കൂടി പരിഗണിച്ച് JRC യുടെ നേതൃത്വത്തിൽ ഗംഭീര വിജയമാക്കാൻ സാധിച്ചു.

കാർഷികരംഗം സജീവമാക്കുവാൻ സ്കൂളിൽ വിഷരഹിത പച്ചക്കറികൾ നട്ടുപിടിപ്പിക്കുന്നതോടൊപ്പം അവരവരുടെ വീടുകളിലും പച്ചക്കറിത്തോട്ടം നട്ടുവളർത്താനുള്ള പ്രോത്സാഹനം വിദ്യാർത്ഥികൾക്ക് നൽകുവാൻ കഴിഞ്ഞു. എൻ. എസ്. എസിന്റെ നേതൃത്വത്തിൽ ഒരു ഭാഗം ദത്തെടുത്ത് കരനെൽകൃഷി, ശീതകാല പച്ചക്കറിത്തോട്ടം എന്നിവ ആരംഭിച്ചു.

# സ്ഥിതി വിവരകണക്ക്

വിദ്യാർത്ഥികളുടെ എണ്ണം.

| Class | BOY | GIRL | TOTAL |
|---|---|---|---|
| V | 24 | 7 | 31 |
| VI | 25 | 11 | 36 |
| VII | 19 | 17 | 36 |
| VIII | 26 | 24 | 50 |
| IX | 36 | 17 | 53 |
| X | 34 | 25 | 59 |
| TOTAL | 164 | 101 | 265 |

# അദ്ധ്യാപകരുടെ സ്ഥിതിവിവരക്കണക്ക്

## H.S Section.

| വിഷയം | അദ്ധ്യാപകരുടെ എണ്ണം. |
|---|---|
| മലയാളം | 1 |
| ഇംഗ്ലീഷ് | 0 |
| ഹിന്ദി | 1 |
| സാമൂഹ്യശാസ്ത്രം | 1 |
| ജീവശാസ്ത്രം | 0 |
| ഫിസിക്കൽ സയൻസ് | 1 |
| ഗണിതം | 1 |

## UP Section.

അദ്ധ്യാപകരുടെ എണ്ണം - 5.

# നേട്ടങ്ങൾ

- രക്ഷാകർത്താക്കളുടെ സഹകരണം, മികച്ച രക്ഷാകർതൃസമിതി.
- ജൈവ പരിസ്ഥിതി സൗഹൃദവിദ്യാലയം
- പ്ലാസ്റ്റിക് മാലിന്യമുക്ത വിദ്യാലയം
- സഹവാസ ക്യാമ്പ്
- മോട്ടിവേഷൻ ക്ലാസ്
- യാത്രാസൗകര്യമുള്ള റോഡുകൾ സഹിതം
- വൈദ്യുതീകരിച്ച ഫാനുകളോടുകൂടിയ ക്ലാസ് മുറികൾ
- ടൈൽ പാകിയ ക്ലാസ് മുറികൾ
- ഹൈടെക് സ്മാർട്ട് റൂമുകൾ
- അടുക്കളത്തോട്ടം
- സാമൂഹിക പങ്കാളിത്തം ഉറപ്പാക്കുന്നതിന്റെ ഭാഗമായി സമൂഹത്തിലെ പ്രതിഭകളെ ആദരിക്കൽ.
- പഠനയാത്രകൾ.
- ചുറ്റുമതിലുകളോടുകൂടിയ സ്കൂൾ പരിസരം
- മികച്ച വിജയശതമാനം
- തുടർച്ചയായി 10 വർഷങ്ങളിൽ SSLC ക്ക് 100% വിജയം.
- ടൈലുകൾ പാകിയ മനോഹരമായ ശൗചാലയം.
- ശുദ്ധീകരിച്ച തണുത്ത കുടിവെള്ളം
- ഹരിതവിദ്യാലയം.
- പൂർവ്വവിദ്യാർത്ഥി സംഗമം.
- സർഗശേഷിവികസനത്തിന് ക്ലാസ് ലൈബ്രറികൾ.
- രണ്ടുതരം കറികളോടുകൂടിയ ഉച്ചഭക്ഷണം.

- ദിനാചരണങ്ങൾ
- വ്യക്തിത്വ വികസനത്തിന്റെ ഭാഗമായി ഓറിയന്റേഷൻ ക്ലാസുകൾ
- ഫുട്ബോൾ കോച്ചിങ്,
- JRC, സ്കൗട്ട്, ഗൈഡ്, NSS പ്രവർത്തനങ്ങൾ, സഹവാസക്യാമ്പുകൾ.
- ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങൾ.
- വിവിധ ക്ലബുകളുടെ പ്രവർത്തനങ്ങൾ.
- ലഹരിവിരുദ്ധ വിദ്യാലയം.

# പിന്തുണാ സംവിധാനങ്ങൾ

- പൊതുവിദ്യാഭ്യാസ വകുപ്പ്
- ബി. ആർ സി.
- പി ടി എ
- എം പി ടി എ.
- ഒ എസ് എ
- ഒ ടി എ.
- പ്രാദേശിക ജനപ്രതിനിധികൾ
- സ്കൂൾ അധികൃതർ
- വിവിധ സർക്കാർ ഏജൻസികൾ

# ചുമതല വിഭജനം

## പ്രധാനാദ്ധ്യാപകൻ - ശ്രീ ഫ്രാൻസിസ് കെ.കെ

എസ്. ആർ. ജി - ദീപ ടീച്ചർ

അക്കാദമിക് മാസ്റ്റർ പ്ലാൻ - മെറിൻ ടീച്ചർ

സ്റ്റാഫ് സെക്രട്ടറി - സിനി ടീച്ചർ

എസ്. ഐ. ടി.സി - സിനി, മെറിൻ

ഉച്ചഭക്ഷണം - വിനീത,

ടെക്സ്റ്റ് ബുക്ക് -

ഫിക്സാം കമ്മിറ്റികൾ - ദീപ, മെറിൻ

ഗാന്ധി ദർശൻ - ലീമ, വിനീത

സ്പോർട്സ് - സിനി

വിദ്യാരംഗം - ദീപ, റോസ്മി

സയൻസ് ക്ലബ് - മെറിൻ,

മാത്സ് ക്ലബ് - സിനി

ഹെൽത്ത്, ലൈബ്രറി -

ഐ. ഇ. ഡി. സി - മെറിൻ

സ്കൗട്ട് - സിനി

ഗൈഡിംഗ് - റോസ്മി

ലിറ്റിൽ കൈറ്റ്സ് - ദീപ

JRC - ലീമ

സമേനം - സിനി

ഫുഡ് ഫെസ്റ്റിവൽ -

# 2025-26 - അക്കാദമിക വികസന പ്രവർത്തനങ്ങൾ

പൊതുവിദ്യാഭ്യാസ ശാക്തീകരണത്തിന്റെ ഭാഗമായി വിദ്യാലയത്തിന്റെ അക്കാദമിക പ്രവർത്തനങ്ങൾ വിദ്യാർത്ഥികളുടെ വിവിധ തലങ്ങളിലുള്ള മികവിനെ ലക്ഷ്യമാക്കിക്കൊണ്ടാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഭാഷാനൈപുണി, ശാസ്ത്രപഠനകൗതുകം, സർഗ്ഗശേഷി വികാസം, കായിക നൈപുണി, സാങ്കേതിക പരിജ്ഞാനം, ചിന്താശേഷി വികസനം സാമൂഹികപരിപാക്യനം എന്നിവയാണത്. ഈ ഓരോ മികവും കുട്ടികളിലേക്കെത്തിക്കാനുള്ള പ്രവർത്തനങ്ങളുടെ ആസൂത്രണമാണ് താഴെ സൂചിപ്പിക്കുന്നത്.

* ഭാഷാനൈപുണി
* ശാസ്ത്രപഠനകൗതുകം.
* സർഗ്ഗശേഷി വികാസം.
* കായിക നൈപുണി.
* സാങ്കേതിക പരിജ്ഞാനം
* ചിന്താശേഷി വികസനം.
* സാമൂഹിക പരിപാക്യനം.

ഭാഷാ മൈത്രി

മേഖല – അക്കാദമികം

ഉപമേഖല – മാതൃഭാഷാപഠനം.

പ്രവർത്തനം – എല്ലാ വിദ്യാർത്ഥികളുടെയും മലയാളഭാഷ നിലവാരം മെച്ചപ്പെടുത്തൽ

ലക്ഷ്യം – വായനസംസ്കാരം ഉയർത്താനുതകുന്ന കുട്ടികളുടെ നിലവാരം പരിശോധിച്ചു കൊണ്ടുള്ള വായനസാമഗ്രികളുടെ ശേഖരണവും നിർമ്മാണവും.

| പ്രവർത്തനങ്ങൾ | ചുമതല | സാമ്പത്തിക സ്രോതസ്സ് |
| --- | --- | --- |
| പഠനനില കണ്ടെത്തൽ pre-test നടത്തി നിലവാര വിശകലനം ചെയ്ത് മികവുകളും പരിമിതികളും കണ്ടെത്തുന്നു. അസംബ്ലിയിൽ മാതൃഭാഷയ്ക്ക് പ്രാധാന്യം നൽകുന്നു. | മലയാളം ടീച്ചർ. | |
| പത്രവായന, എഴുത്തുകൂട്ടം ക്വിസ്, സർഗവേള, ലൈബ്രറി (വായനാ)പ്പുസ്തകങ്ങൾ നൽകുന്നു. കഥ, കവിത, ലേഖനം എന്നിവ എഴുതുന്നതിന് പ്രോത്സാഹിപ്പിക്കുന്നു. | ലൈബ്രേറിയൻസ് / ക്ലാസ് അധ്യാപകർ. | |
| മലയാളം എഴുതാൻ അറിയാത്തവർക്ക് മുതൽ പദങ്ങളും വാക്യങ്ങളും എഴുതാൻ അവസരം നൽകുന്നു. | മലയാളം ടീച്ചേഴ്സ് | |

• UP - 4-5 വിഭാഗത്തിൽ ക്ലാസ്സ് തലത്തിൽ വായനാവാരം സംഘടിപ്പിക്കുന്നു. തുടർന്ന് സ്കൂൾ തലത്തിൽ നടത്തുന്ന മാതൃഭാഷാ പഠനം സാധ്യമാകുന്ന തരത്തിൽ വായനയിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തി അവർക്കാവശ്യമായ കൈത്താങ്ങ് നൽകുന്നു. ചെറിയ ചെറിയ വരികൾ നൽകി ചിഹ്നങ്ങൾ കണ്ടെത്താനാവശ്യപ്പെടുന്നു. അവയുടെ ഉച്ചാരണം പറഞ്ഞുകൊടുക്കുന്നു.

• അക്ഷരം ഉച്ചാരണം വ്യക്തമായി പറഞ്ഞുകൊണ്ട് ഉറപ്പിക്കുന്നു. അതിനോടൊപ്പം അക്ഷരങ്ങൾ എഴുതാൻ ശീലിപ്പിക്കുന്നു. നാലുവര കോപ്പി നൽകി അക്ഷര വൃത്തിയാക്കി എഴുതാൻ പഠിപ്പിക്കുന്നു

• ICT സഹായത്തോടെ പദക്കളികൾ പ്രദർശിപ്പിക്കുന്നു. ചിത്രങ്ങൾ ICT സഹായത്തോടെ പ്രദർശിപ്പിച്ചു കഥകൾ നിർമ്മിക്കാൻ അവസരം നൽകുന്നു.

• പാഠഭാഗങ്ങളിലെ പുതിയ പദങ്ങളും അവയുടെ അർത്ഥങ്ങളും കണ്ടെത്തുന്നു.

• ചെറിയ നിഘണ്ടുവിൽ നിന്നും പദങ്ങളും അവയുടെ അർത്ഥങ്ങളും കണ്ടെത്തുന്നത് നിഘണ്ടു നിർമ്മാണത്തിന് ഉപയോഗിക്കുന്ന അതിനുള്ള പരിശീലനം നൽകുന്നു.

• വാക്കുകൂട്ടി കേട്ടെഴുത്ത് മത്സരങ്ങൾ നടത്തുന്നു. ഉത്തരങ്ങൾ അവരെക്കൊണ്ട് തിരുത്താൻ അവസരം നൽകുന്നു. ചെറിയ സമ്മാനങ്ങൾ നൽകി കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നു.

• മാതൃഭാഷാ പോഷണത്തിനാവശ്യമായ കഥ, കവിതകൾ, സ്കിറ്റ്, തിരക്കഥ കുട്ടികളെക്കൊണ്ട് എഴുതിപ്പിക്കുന്നു.

• വിദ്യാരംഗം, ഭാഷാപോഷിണി, കുട്ടികൾ ജന്മദിന സമ്മാനമായി നൽകുന്ന പുസ്തകങ്ങൾ പത്രം എന്നിവ ലൈബ്രറി പീരിയഡിൽ വായിക്കാൻ അവസരം നൽകുന്നു.

C 1

## ഉപമേഖല - ഇംഗ്ലീഷ്

പ്രവർത്തനം → എല്ലാ വിദ്യാർത്ഥികളുടെയും ഇംഗ്ലീഷ് ഭാഷാനിലവാരം മെച്ചപ്പെടുത്തൽ

ലക്ഷ്യം → എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കുവാനും എഴുതുവാനും സംസാരിക്കുവാനുമുള്ള ശേഷി വികസിപ്പിക്കൽ

| പ്രവർത്തനങ്ങൾ | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|
| പഠന നില കണ്ടെത്തൽ:- Pretest നടത്തി നിലവാരം വിശകലനം ചെയ്ത് മികവുകളും പരിമിതികളും കണ്ടെത്തുന്നു. | | |
| **സ്കൂൾ തല പ്രവർത്തനം** അസംബ്ലിയിൽ English ഭാഷയ്ക്ക് പ്രാധാന്യം. ഇംഗ്ലീഷ് പത്രവായന, എല്ലാ കുട്ടികൾക്കും പോക്കറ്റ് dictionary, വിദഗ്ധരുടെ ഇംഗ്ലീഷ് ഗ്രാമർ ക്ലാസ്സുകൾ | Class Tr | |
| English Quiz Competition, English reading, writing | Class Tr | |

| | | |
|---|---|---|
| Competitions and പരിശീലനവും.<br><u>ക്ലാസ് തല പ്രവർത്തനങ്ങൾ</u> | Class Tr: | |
| ഇംഗ്ലീഷ് പുസ്തക പ്രദർശനം, Thought for the day, speech, സർഗ്ഗരചനാ പതിപ്പുകൾ, story telling, Recitation.<br>ICT സഹായത്തോടെ ഉദ്ധരണവും Authors നെയും പരിചയപ്പെടുത്തുന്നു. | class Tr | |

മേഖല : അക്കാദമികം ഹിന്ദി

## പൊതുവായ ലക്ഷ്യങ്ങൾ

* സ്കൂളിൽ എത്തി ച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കാനുമുള്ള കഴിവ് വളർത്തിയെടുക്കുക.
* ഓരോ യൂണിറ്റിലും പഠിക്കേണ്ട പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പാക്കുക.
* ഹിന്ദി ഭാഷാപഠനം ലളിതവും, രസകരവും ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
* ഹിന്ദി ഭാഷാ പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷാ സ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കുന്നു.
* ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുന്നു.

## എട്ടാംതരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം. |
|---|---|---|
| അക്ഷരം, ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു. ഉച്ചാരണം പരിചയപ്പെടുത്തുന്നു. അക്ഷരങ്ങൾ എഴുതാനും വായിക്കാനും കണ്ടെത്താനും പഠിപ്പിക്കുന്നു. | അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു. ഓഡിയോ വീഡിയോ സഹായത്തോടെ ഉച്ചാരണം കൂടുതലായി പരിചയപ്പെടുത്തുന്നു. | പ്രാരംഭം. ജൂൺ - ജൂലൈ |

| | | |
|---|---|---|
| ആഴ്ചകളുടെ പേരുകൾ മാസങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു. | ക്ലാസ്സിലെ ഓരോ വിദ്യാർത്ഥിയുടെയും ജനന തീയതി ഹിന്ദിയിൽ എഴുതുവാൻ പറയുന്നു. വർക്ക് ഷീറ്റുകൾ നൽകുന്നു. ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു. | മധ്യകാലം ഓഗസ്റ്റ്-സെപ്റ്റംബർ |
| ഹിന്ദി അനായാസം എഴുതുവാനും, വായിക്കുവാനും പരിശീലനത്തിന് അധിക പ്രാധാന്യം നൽകുന്നു. കാർട്ടൂൺ, ചിത്രകഥ എന്നിവ വായിച്ച് ആശയം അവതരിപ്പിക്കുവാൻ കഴിയുന്നു. | കേട്ടെഴുത്ത്, പദസൂര്യൻ, പ്രശ്നോത്തരി എന്നിവ നൽകുന്നു. ചിത്രകഥ, കാർട്ടൂൺ, ചെറുകവിതകൾ തുടങ്ങിയവ വായനയ്ക്കായി നൽകുന്നു. | ഡിസംബർ - ജനുവരി |

## ഒമ്പതാം തരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| ഹിന്ദി എഴുതുവാനും വായിക്കുവാനും പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി കൂടുതൽ പരിശീലനം നൽകുന്നു. | വർക്ക് ഷീറ്റുകൾ നൽകുന്നു ചിത്രങ്ങളടങ്ങിയ പുസ്തകങ്ങൾ വായിക്കുവാൻ നൽകുന്നു | പ്രാരംഭം ജൂൺ-ജൂലൈ |
| നാമം, സർവ്വനാമം, വിശേഷണം എന്നിവ മനസ്സിലാക്കുന്നു. വാക്യഘടന പരിചയപ്പെടുത്തുന്നു. ചെറിയ ചെറിയ വാക്യങ്ങൾ എഴുതുവാനറിയുന്നു. | ചാർട്ടുകൾ നൽകുന്നു. അതിൽ നിന്നും സർവ്വനാമം, വിശേഷണം എന്നിവ കണ്ടെത്തുവാൻ പറയുന്നു. കവിത, കഥ പൂരിപ്പിക്കുവാൻ നൽകുന്നു. സ്വന്തമായി ബോർഡുകൾ എഴുതി ക്ലാസ്സിൽ പ്രദർശിപ്പിക്കുവാൻ പറയുന്നു. | മധ്യം ഓഗസ്റ്റ്-സെപ്റ്റംബർ. |

| | | |
|---|---|---|
| പോസ്റ്റർ തയ്യാറാക്കുവാനറിയുന്നു. കവിത വായിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുവാനറിയുന്നു. | പോസ്റ്ററിന്റെ മോഡൽ നൽകുന്നു. വിവിധ വിഷയങ്ങൾ നൽകുന്നു. ക്ലാസ്സിൽ പ്രദർശിപ്പിച്ച് മൂല്യനിർണ്ണയം നടത്തുന്നു. ചെറിയ കവിതകൾ നൽകിക്കൊണ്ട് ആസ്വാദനക്കുറിപ്പ് ക്ലാസ്സിൽ അവതരിപ്പിക്കുവാൻ പറയുന്നു. | ഒക്ടോബർ ~~ഡിസംബർ~~ നവംബർ– ജനുവരി. |

പഠനാന്തരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| കുട്ടികളുടെ ഭാഷ മെച്ചപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെ ഭാഷാവസ്തുതകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നു. | നാടകം വേദിയിൽ അവതരിപ്പിക്കുന്നു. സന്ദർഭോചിതമായി സംഭാഷണം തയ്യാറാക്കുവാൻ പറയുന്നു. | പ്രാരംഭം ജൂൺ- ജൂലൈ |
| സർഗ്ഗാത്മകാഭിരുചി വളർത്തുക, ഹിന്ദി വാരാഘോഷ സമയത്ത് ഹിന്ദി കലോത്സവം മികച്ച രീതിയിൽ നടത്തുന്നു. കുട്ടികളുടെ മികച്ച പങ്കാളിത്തം ഉറപ്പുവരുത്തുന്നു. | പദ്യം ചൊല്ലൽ കഥ, കവിത, പോസ്റ്റർ നിർമ്മാണം എന്നിവ സംഘടിപ്പിക്കുന്നു. | മധ്യം ഓഗസ്റ്റ്- സെപ്റ്റംബർ ഒക്ടോബർ |
| ആശയങ്ങൾ വിവിധതരത്തിൽ അവതരിപ്പിക്കുന്നു. കഥയെ തിരക്കഥയായി മാറ്റുവാനറിയുന്നു. സ്വഭാവ സവിശേഷതകൾ മേൽ കുറിപ്പ് തയ്യാറാക്കുവാനറിയുന്നു. ഡയറി എഴുതുവാനറിയുന്നു. | പാഠഭാഗത്തിലെ സന്ദർഭങ്ങൾ നൽകുന്നു. കഥാപാത്രങ്ങളെ അടിസ്ഥാനമാക്കി ചരിത്ര കുറിപ്പ് തയ്യാറാക്കുവാൻ പറയുന്നു. എല്ലാ ദിവസവും ഡയറി എഴുതുവാനുള്ള നിർദ്ദേശം നൽകുന്നു. | ഒക്ടോബർ നവംബർ ജനുവരി |

## ശാസ്ത്ര പഠന കൗതുകം

മേഖല — അക്കാദമികം

ഉപമേഖല — ശാസ്ത്രപഠനം

ലക്ഷ്യം — കുട്ടികളെ ശാസ്ത്രീയമായ രീതിയിൽ ചിന്തിക്കാനും പ്രവർത്തിക്കാനും പ്രാപ്തരാക്കുക

| പ്രവർത്തനങ്ങൾ | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|
| **സ്കൂൾ തല പ്രവർത്തനം** | | |
| * വിദഗ്ദരായ വ്യക്തികളെ വിദ്യാലയത്തിൽ കൊണ്ടുവന്ന് ക്ലാസ്സ് സൃഷ്ടിക്കുന്നു. | Franceena Tr | |
| * 5 മുതൽ 10 വരെയുള്ള ശാസ്ത്രപഠനത്തിന് സഹായകരമായ മെറ്റീരിയലുകളുടെ ലിസ്റ്റ് തയ്യാറാക്കുന്നു. | Merin Tr. | |
| * മെറ്റീരിയൽ ലിസ്റ്റ് ശേഖരിക്കേണ്ടവ, വാങ്ങേണ്ടവ, ക്ലാസ്സിൽ സൂക്ഷിക്കേണ്ടവ എന്നിങ്ങനെ തരംതിരിക്കുന്നു. | Vineetha Tr. | |
| **ക്ലാസ്സ് തല പ്രവർത്തനം** | | |
| * ക്ലാസ്സ് തല ശാസ്ത്ര ലൈബ്രറി തയ്യാറാക്കുന്നു. | | |

| | | |
|---|---|---|
| * ശാസ്ത്രപുസ്തകങ്ങൾ ക്ലാസ് തലത്തിലുള്ളവ വാങ്ങുന്നു, വായിപ്പിക്കുന്നു. | Franceena Tr, Merin Tr, | |
| * ശാസ്ത്രാഭിരുചി വളർത്തുന്ന ക്വിസ് നടത്തുന്നു. | | |
| * പരീക്ഷണങ്ങൾ ക്ലാസിൽ ചെയ്യുന്നു. | Merin Tr. | |
| <u>മൊബൈൽ ലാബ് ലൈബ്രറി</u> | | |
| * പുസ്തകങ്ങൾ കൊണ്ടുവരുന്നതിനുള്ള ട്രോളി, ഷെൽഫ് ക്രമീകരണങ്ങൾ, മൊബൈൽ ലാബ് സജ്ജീകരണങ്ങൾ. | Franceena Tr. | |

ഉപമേഖല : സാമൂഹ്യശാസ്ത്രം

ലക്ഷ്യം : സമൂഹത്തിലെ ഒരു ഉത്തമ പൗരനായി എങ്ങനെ ജീവിക്കണമെന്ന അവബോധം കുട്ടികളിൽ ഉണ്ടാക്കുക

| പ്രവർത്തനങ്ങൾ | ചുമതല | |
|---|---|---|
| സ്കൂൾ തല പ്രവർത്തനങ്ങൾ<br>* എല്ലാ കുട്ടികൾക്കും അറ്റ്ലസ് കൊടുക്കുന്നു<br>* സാംസ്കാരിക നായകന്മാരെ പരിചയപ്പെടുത്തുന്നു. അവരുടെ ചിത്രങ്ങൾ ഒട്ടിച്ച ചാർട്ട് തയ്യാറാക്കുന്നു. | Class Teacher | |
| * പ്രധാനപ്പെട്ട ദിനാചരണങ്ങൾ നടത്തുന്നു<br>* എല്ലാ തിങ്കളാഴ്ചകളിലും ഒരു മഹദ്‌വ്യക്തിയെ പരിചയപ്പെടുത്തുന്നു.<br>* ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിച്ച് അവയുടെ പ്രാധാന്യം മനസ്സിലാക്കുന്നു. | | |
| * സാമൂഹിക, സാംസ്കാരിക നിലകളിൽ പ്രശസ്ത വ്യക്തികളെ കൊണ്ടുവന്ന് അവരുടെ അനുഭവം പങ്കുവെയ്ക്കുന്നു<br>* പുരാവസ്തു പ്രദർശന സംഘാടനം | Teacher | |

| | | |
|---|---|---|
| * പ്രാചീനകാല ഉപകരണങ്ങളെ പരിചയപ്പെടുത്തൽ<br>* വിദ്യാലയത്തിൽ സാംസ്കാരിക ചരിത്ര മ്യൂസിയം നിർമ്മാണം<br>* ക്ലാസ് തല പ്രവർത്തനങ്ങൾ<br>* ക്ലാസ് തല ശാസ്ത്ര ലൈബ്രറി തയ്യാറാക്കൽ<br>* ചരിത്രത്തോട് താൽപര്യം ജനിപ്പിക്കുന്ന പുസ്തകങ്ങൾ വായിച്ച് വായനാക്കുറിപ്പ് തയ്യാറാക്കൽ | Teacher | |
| * സ്വാതന്ത്ര്യ സമരവുമായി ബന്ധപ്പെട്ട skit അവതരണം<br>* പാഠഭാഗവുമായി ബന്ധപ്പെട്ട വർക്കിംഗ് മോഡൽ, still model എന്നിവ പരിചയപ്പെടുത്തൽ | Teacher | |

## സർഗ്ഗശേഷി വികാസം.

ലക്ഷ്യം: വിദ്യാർത്ഥികൾക്കുള്ള സർഗാത്മകമായ കഴിവുകൾ കണ്ടെത്തി വികസിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു.

| പ്രവർത്തനങ്ങൾ. | |
|---|---|
| വായനാഗ്രൂപ്പുകൾ രൂപീകരിക്കുന്നു.<br>• കുട്ടികൾക്ക് വായനാ സാമഗ്രികൾ നൽകുന്നു.<br>• കഥ, കവിത, നാടകം, ചിത്രരചന തുടങ്ങിയ മത്സരങ്ങൾ നടത്തുന്നു.<br>• ഭാവി അഭിനേതാക്കളെ കണ്ടെത്തുന്നു.<br>• സ്കൂൾ അസംബ്ലിയിൽ കവിതാപാരായണം ചെയ്യുന്നു. | |
| സാഹിത്യകാരന്മാരെ സ്കൂളിലെത്തിക്കൽ | |
| പ്രാദേശികമായി ലഭ്യമാകുന്ന എഴുത്തുകാരെ സ്കൂളിലേയ്ക്ക് ക്ഷണിക്കുന്നു അവരുടെ വായനാനുഭവങ്ങൾ കുട്ടികളുമായി പങ്കുവയ്ക്കാൻ കുട്ടികൾക്ക് അവരുമായി സംവദിക്കുന്നതിനുള്ള അവസരം. | |
| കഥയരങ്ങ്, കവിയരങ്ങ്. | |
| സ്കൂളിലെ കഥയെഴുത്തുകാർക്കും കവികൾക്കും സ്കൂളിൽ നടക്കുന്ന പൊതു- | |

ചടങ്ങുകളിൽ നിശ്ചിത സമയം നൽകി അവരുടെ രചനകൾ അവതരിപ്പിക്കുന്നു.

**സർഗവേള പിരീഡുകൾ.**

സർഗവേള പിരീഡുകളിൽ കുട്ടികളുടെ സ്വന്തം രചനകൾ അവതരിപ്പിക്കുന്നതിനുള്ള അവസരം നൽകുന്നു.

**സ്കൂൾ ബ്ലോഗ്**

കുട്ടികളുടെ രചനകൾ പ്രസിദ്ധീകരിക്കുന്നതിന് സ്കൂളിന്റെ ബ്ലോഗിനെ ഉപയോഗപ്പെടുത്തുന്നു.

**സർഗ രചനകൾ**

സ്കൂളിന്റെ ഓഫീസിന്റെ മുൻവരാന്തയിൽ ചുമരിൽ കുട്ടികളുടെ രചനകൾ പ്രദർശിപ്പിക്കുന്നതിന് സ്ഥിര സംവിധാനം.

- സാഹിത്യ അക്കാദമി, ലളിതകലാ സാംസ്കാരിക കേന്ദ്രം വള്ളത്തോൾ എഴുത്തച്ഛൻ തുടങ്ങിയവരുടെ ജന്മദേശങ്ങളിലേക്ക് ഒരു പഠനയാത്ര നടത്തുന്നു.
  H.M. , Non teaching staff , Vineetha. Tr.
- ബാലസാഹിത്യ ക്വിസ് — Deepa tr.

ക്ലാസ്സ് തല ലൈബ്രറി വായിക്കാൻ രക്ഷിതാക്കൾക്ക് അവസരം നൽകുന്നു. രക്ഷിതാക്കളുടെ രചനകൾ നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുന്നു.

MPTA, PTA, Leema Tr.

# കായിക നൈപുണ്യം

ലക്ഷ്യം : കായിക നൈപുണ്യം ആർജ്ജിച്ചെടുക്കുന്നതിലൂടെ ആരോഗ്യമുള്ള തലമുറയെ വാർത്തെടുക്കുക.

മേഖല : അക്കാദമികം

കായിക പഠനത്തിന് വിദ്യാർത്ഥികളുടെ ആരോഗ്യപരിരക്ഷ ഉറപ്പാക്കുന്നു.

പ്രവർത്തനങ്ങൾ

കലാകായിക പ്രവൃത്തി വിദ്യാഭ്യാസത്തിൽ അനുയോജ്യമായ സൗകര്യങ്ങൾ ഉൾപ്പെടുത്തി നിലവിലുള്ള കളിസ്ഥലത്ത് പരിശീലനത്തിനാവശ്യമായ ട്രാക്ക് നിർമ്മിക്കുക, വിവിധ കളികൾക്കുള്ള കോർട്ട് നിർമ്മാണം.

വിവിധ കളികൾ - ഖൊഖോ, ഫുട്ബോൾ, ക്രിക്കറ്റ്, കബഡി, ലോ ഇനങ്ങൾ എന്നിവയുടെ പരിശീലനത്തിന് പരിശീലകരെ കണ്ടെത്തുകയും സ്പോൺസർ ചെയ്യിക്കുകയും ചെയ്യുന്നു.

സ്കൂളിനാവശ്യമായ കളിയുപകരണങ്ങൾ വാങ്ങുന്നു. കായിക പ്രവർത്തനത്തിൽ പ്രശസ്തരായ വ്യക്തികൾക്ക് സ്കൂൾ പ്രവർത്തനങ്ങളുമായി പ്രവർത്തിച്ച് അവരുടെ സേവനം, OSA, OTA, PTA മറ്റും അനുയോജ്യമായ അഭ്യുദയകാംക്ഷികളിലൂടെ ലഭ്യമാക്കൽ സാമ്പത്തിക പിന്നോക്കാവസ്ഥയിലുള്ള വിദ്യാർത്ഥികൾക്ക് കായിക പഠനത്തിന് ആവശ്യമായ സ്പോൺസറിംഗ് കണ്ടെത്തുക. PT സമയങ്ങളിൽ ആവശ്യമായ മാസ് Drill

നടത്തുക, യോഗ, mind counselling നല്കി മാനസികാരോഗ്യം മെച്ചപ്പെടുത്തുക.
PT അധ്യാപകരുടെ അഭാവം, വിദഗ്ധരായ ആളുകളെ ഉൾപ്പെടുത്തി ജില്ലാ തലത്തിലുള്ള അസംബ്ലിയിൽ വ്യായാമങ്ങൾക്ക് പ്രാധാന്യം നല്കിക്കൊണ്ട് പരിശീലനം.

വിവിധ കായിക മത്സരങ്ങളിൽ ഫുട്ബോൾ ലെ ജില്ലാ സംസ്ഥാന കായിക മേളകളിൽ പങ്കെടുപ്പിച്ച് ആത്മവിശ്വാസം ഉണ്ടാക്കുക.

ഉത്സാഹപൂർവ്വമുള്ള നിരന്തരമായുള്ള പരിശീലനം, ആരോഗ്യമുള്ള മനസ്സിനും ശരീരത്തിനും സൈക്കിൾ സവാരി, ശീലമാക്കിക്കൊണ്ട് എല്ലാ വിദ്യാർത്ഥികൾക്കും വിദ്യാലയത്തിൽ നിന്നും സൈക്കിൾ വാങ്ങാനുള്ള ഫണ്ട് ശേഖരിച്ച് URC യുടെ സഹായത്തിൽ ഉള്ള ഫുട്ബോൾ പരിശീലനങ്ങളിൽ വിദ്യാർത്ഥികളെ പങ്കെടുപ്പിക്കുക. നാട്ടിലുള്ള മാതാപിതാക്കളെ പോലെ ഉള്ളവരെ ഉൾപ്പെടുത്തി പരിശീലനം നല്കുവാൻ കോച്ചിനെ PTA യിൽ നിന്നും കണ്ടെത്തുക.

ബാഡ്മിന്റൺ കോർട്ട് നിർമ്മിക്കുക, ഫുട്ബോൾ മൈതാനം, ചുറ്റു മതിലുകൾ സംരക്ഷിക്കുക, അധ്യാപകരുടെ മേൽനോട്ടത്തിൽ രാവിലെയും വൈകുന്നേരങ്ങളിലും warming Exercise കൾ നല്കുക.

കുട്ടികൾക്കുള്ള പാർക്ക് നിർമ്മാണം, പൂന്തോട്ട നിർമ്മാണം ഔഷധസസ്യത്തോട്ടങ്ങളിൽ വച്ചുപിടിപ്പിക്കാൻ

തുടങ്ങിയ പ്രവർത്തനങ്ങൾ

## ഉറവിടങ്ങൾ:-

PT പരിശീലനത്തിന് പ്രതിനിധീകരിക്കുന്ന ഓരോ ക്ലാസിലെയും അധ്യാപകർ, Non-teaching staff.

## സാമ്പത്തിക സ്രോതസ്സ്:-

OSA, PTA, mp, MLA Fund കൾ Sponcers, School management ഇവ അഭ്യുദയകാംക്ഷികൾ

## സാങ്കേതിക പരിജ്ഞാനം

ലക്ഷ്യം:- ആധുനിക സാങ്കേതിക വിദ്യാധിഷ്ഠിതവും വിദ്യാർത്ഥി സൗഹൃദപരവുമായ ക്ലാസ് മുറികൾ.

# ഭിന്നശേഷി വികസനം

ലക്ഷ്യം :— ഭിന്നശേഷി വിഭാഗത്തിൽപെടുന്ന വിദ്യാർത്ഥികളുടെ കഴിവുകൾ കണ്ടെത്തി വികസിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നു

| പ്രവർത്തനങ്ങൾ | ചുമതലകൾ |
|---|---|
| പഠന പോരായ്മകൾ കണ്ടെത്തി ക്ലാസ് തല പ്രവർത്തനങ്ങൾ ആവിഷ്കരിക്കുക<br>ഭിന്നശേഷിക്കാരുടെ സാമൂഹികവൈകാരിക തലങ്ങൾ തിരിച്ചറിഞ്ഞ് മറ്റു കുട്ടികളെ പ്രാപ്തരാക്കുക.<br>ഭാഷാ ക്ലബുകളുടെ സഹായത്തോടെ എല്ലാ ദിവസവും ഒരു മണിക്കൂർ പരിഹാര പ്രവർത്തനങ്ങൾ നല്കുക.<br>ഉച്ചാരണ വൈകല്യങ്ങൾ തിരിച്ചറിഞ്ഞ് പരിഹാര പ്രവർത്തനങ്ങൾ ചെയ്യാൻ എഴുതി പഠിപ്പിക്കൽ<br>നിരന്തരമായി മറ്റുകുട്ടികളുമായി ആശയവിനിമയം നടത്തിക്കൽ വിശേഷങ്ങൾ ചോദിച്ചറിയൽ ഭിന്നശേഷിക്കാരായ കുട്ടികളെ മറ്റുകുട്ടികളുമായി സ്നേഹബന്ധം പുലർത്തിപ്പിക്കുക, ഭിന്നശേഷിക്കാർക്ക് സാമൂഹികമായ ബോധനം നൽകൽ<br>ഒരു ദിവസം ഒരു അക്ഷരം, കലാകായികാവസരം, ICT സഹായം<br>ഭിന്നശേഷിക്കാർക്കുള്ള ഉപകരണം. | MERIN SR |

## സാമൂഹിക പരിപക്വനം.

ലക്ഷ്യം : കുട്ടികളെ സമൂഹത്തിൽ ഉത്തമ പൗരന്മാരായി ജീവിക്കാൻ പ്രാപ്തരാക്കുന്നു.

| പ്രവർത്തനങ്ങൾ | | |
|---|---|---|
| വിദ്യാർത്ഥികളെയും വിദ്യാലയത്തെയും അംഗീകരിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ.<br>• മുതിർന്നവരെ ബഹുമാനിക്കാൻ പഠിപ്പിക്കുക.<br>• അച്ചടക്കമുള്ള ഒരു സമൂഹത്തെ വാർത്തെടുക്കുക.<br>. സാമൂഹിക നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് ജീവിക്കാൻ പ്രാപ്തരാക്കുക.<br>• പ്രതിസന്ധികളെ തരണം ചെയ്യാനുള്ള ശേഷി ആർജ്ജിച്ചെടുക്കുക.<br>• വിദ്യാലയവും സമൂഹവും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്തുക.<br>• സമൂഹത്തിന്റെ ജനകീയ പ്രശ്നങ്ങളിൽ വിദ്യാർത്ഥികളെ നിരന്തരമായി പങ്കാളികളാക്കുക.<br>• പുകയില വിരുദ്ധ വേദി സൃഷ്ടിക്കുന്നതിന് വേണ്ടി ബോധവത്കരണ റാലികളും സെമിനാറുകളും നടത്തുക.<br>. ദിനാചരണങ്ങൾ സംഘടിപ്പിക്കുക. | Class Teacher. | |

ലോക പരിസ്ഥിതി ദിനം, Dry Day ആചരണം, വായനാദിനം, ലഹരിവിരുദ്ധദിനം, ബഷീർ ദിനം, ഹിരോഷിമാദിനം, നാഗസാക്കി ദിനം, പുകയില വിരുദ്ധദിനം, ബാലവേല, വയോജന ദിനം, മനുഷ്യാവകാശ ദിനം, സേവനവാരം, ക്വിറ്റ് ഇന്ത്യ ദിനം, വനദിനം, ജലദിനം, മണ്ണ് ദിനം etc. ദിനാചരണങ്ങൾ നമ്മിലെ മൂല്യങ്ങളെ ഉയർത്തിപ്പിടിക്കുന്നു.

സെമിനാറുകൾ സംഘടിപ്പിക്കുന്നു.

വിദഗ്ധരായ വ്യക്തികളെ കൊണ്ടുവന്ന്, ചർച്ചകൾ, സംശയനിവാരണം, മുഖ്യ പ്രഭാഷണങ്ങൾ എന്നിവ സംഘടിപ്പിക്കുന്നു. ഡോക്യുമെന്ററികളും ചലച്ചിത്രങ്ങളും, പോസ്റ്റർ രചന, ക്വിസ് മത്സരങ്ങൾ, എന്നിവ സംഘടിപ്പിക്കുന്നു.

റോഡ് നിയമങ്ങൾ പാലിക്കപ്പെടേണ്ട ആവശ്യകതകൾ, ലഘുലേഖകൾ വിതരണം, സന്നദ്ധ സംഘടനകളുമായി യോജിച്ച് പൊതുസ്ഥലങ്ങൾ (PHC, വായനശാല) ശുചിയാക്കൽ.

കുട്ടികളിലെ അമിതമായ മൊബൈൽ ഫോൺ ഉപയോഗത്തി ദൂഷ്യവശങ്ങൾ, ICT സഹായത്തോടെ slide, അനിമേഷൻ നിർമാണം ബോധവത്കരണ ക്ലാസുകൾ എന്നിവ നടത്തുന്നു. ജൈവസംരക്ഷണ പാർക്ക്, ശലഭോദ്യാനം, നക്ഷത്രവനങ്ങൾ, വിഷരഹിത പച്ചക്കറിത്തോട്ടം കായിക പരിശീലനങ്ങൾ എന്നിവ സംഘടിപ്പിക്കുന്നു.

# പദ്ധതി വിശദാംശങ്ങൾ

അക്കാദമികം

ഉപമേഖല : സയൻസ്

| | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | കുട്ടികളിൽ ശാസ്ത്രബോധം വളർത്താൻ ഉതകുന്ന തരത്തിൽ സ്കൂൾ ലബോറട്ടറി പുനഃക്രമീകരണം | 1 സയൻസ് ക്വിസ് മത്സരത്തിലൂടെ V മുതൽ X വരെയുള്ള കുട്ടികളിൽ നിന്ന് സയൻസിൽ അഭിരുചിയുള്ള കുട്ടികളെ കണ്ടെത്തുന്നു. | ജൂലൈ ആദ്യവാരം | സയൻസ് ടീച്ചർ യു.പി., എച്ച്.എസ്.എ | Rs.500/ |
| | | 2 പഠനപ്രവർത്തനങ്ങൾക്കനുസരിച്ച് ടീച്ചറുടെ നിർദേശപ്രകാരം കുട്ടികൾ നിർമിച്ചുകൊണ്ടുവരുന്ന പഠനോപകരണ പ്രദർശനം, തരംതിരിക്കൽ | ഓഗസ്റ്റ് ആദ്യവാരം | സയൻസ് ടീച്ചർ | Rs.1000/- |
| | | 3 ലാബിൽ നിലവിലുള്ള ഷെൽഫുകൾ കാര്യക്ഷമമായി സൂക്ഷിക്കാൻ ഉതകുന്ന വിധത്തിൽ സജ്ജമാക്കൽ. | ഓഗസ്റ്റ് രണ്ടാംവാരം | ക്ലാസ് ടീച്ചർ srg | Rs.10000/- |
| | | 4 ക്ലാസ് നിലവാരത്തിനനുസരിച്ച് കുട്ടികൾക്ക് താല്പര്യമുള്ള ശാസ്ത്രപുസ്തകങ്ങൾ വാങ്ങി ക്ലാസ്സിൽ തന്നെ ഷെൽഫുകൾ സജ്ജീകരിച്ച് സൂക്ഷിക്കൽ | സെപ്റ്റംബർ മാസം | HM,SRG, ക്ലാസ് ടീച്ചർ | Rs.10000/- |

| | | | | | |
|---|---|---|---|---|---|
| | | 5 സയൻസ് ക്ലബ് അംഗങ്ങളെ പഠന യാത്രക്ക് സജ്ജമാക്കൽ . | ഒക്ടോബർ ആദ്യവാരം | സയൻസ് ടീച്ചർ,HM,UPSA,HSA | Rs.25000/- |
| 2 | ആധുനിക ലോകത്തോട് കിടപിടിക്കത്തക്ക വിധം IT ശേഷികൾ കുട്ടികളിൽ വികസിപ്പിച്ചെടുക്കാൻ | 1. IT CLUB രൂപീകരണം<br>2. വിവിധ മേഖലകളിൽ മത്സരങ്ങൾ ഐ.ടി യിലൂടെ നടത്തി കുട്ടികളുടെ കഴിവ് പരിപോഷിപ്പിക്കുന്നു | ജൂൺ രണ്ടാംവാരം<br>ജൂലൈ ആദ്യവാരം മുതൽ | IT ടീച്ചർ, ക്ലാസ് ടീച്ചർ<br>IT ടീച്ചർ, ക്ലാസ് ടീച്ചർ | Rs.250/- |
| 3 | ജൈവവൈവിധ്യ പാർക്ക് രൂപീകരണം | 1 . ചെറിയ തോതിൽ സജ്ജികരിച്ച പാർക്ക് വീണ്ടും വിപുലമാക്കാൻ ജനപ്രതിനിധികൾ, അഭ്യുദയകാംഷികൾ, പി.ടി.എ അംഗങ്ങൾ എന്നിവരെ ഉപയോഗപ്പെടുത്തൽ<br>2. വിവിധയിനം ചെടികൾ , വിദ്യാർത്ഥികൾ വഴി വിടുകളിൽ നിന്ന് സംഘടിപ്പിക്കൽ<br>3. വിടുകളിൽനിന്ന് ലഭ്യമല്ലാത്ത ആയുർവേദ ചെടികൾ നഴ്സറികളിൽ നിന്നും ലഭ്യമാക്കി. | ജൂൺ<br>ഒക്ടോബർ വരെ | SRG<br>ക്ലാസ് ടീച്ചർ<br>ക്ലാസ് ടീച്ചർ,HM<br>ക്ലാസ് ടീച്ചർ,HM | Rs.20000/- |

| | | | | | |
|---|---|---|---|---|---|
| | | 4. വിഷരഹിത പച്ചക്കറി ലഭ്യമാക്കൽ | | | |
| | ഭൗതികം | | | | |
| 1 | മൾട്ടിമീഡിയ റൂം സജികരിക്കൽ | 1. 3 ക്ലാസ് മുറികൾ നിലം ടൈൽ ഇട്ട് ഒരുക്കൽ<br>2. ജനലുകളും വാതിലുകളും അടച്ചുറപ്പുള്ളതാക്കുന്നു<br>3. ചുമരുകൾ പെയിന്റ് ചെയ്ത് വൃത്തിയാക്കൽ<br>4. ലാപ്ടോപ്പ്, പ്രൊജക്ടർ, കേബിൾ, പ്രൊജക്ടർ സ്റ്റാൻഡ്, വൈറ്റ്ബോർഡ് ,എന്നിവ സംഘടിപ്പിക്കുന്നു .<br>5. ഇവ ഭദ്രമായി സൂക്ഷിക്കാൻ അടച്ചുറപ്പുള്ള ഷെൽഫുകൾ സജ്ജീകരിക്കൽ | ഓഗസ്റ്റ് രണ്ടാംവാരം<br>സെപ്റ്റംബർ രണ്ടാംവാരത്തിനു മുൻപ് | ക്ലാസ് ടീച്ചർ,HM<br>IT ടീച്ചർ, സയൻസ് ടീച്ചർ | Rs.150000/-, Management& OSA |
| 2 | അനുയോജ്യമായ കളിസ്ഥലം ഒരുക്കൽ | 1. കളിക്കാനനുയോജ്യമല്ലാത്ത ഗ്രൗണ്ട് മണ്ണിട്ട് നികത്തി അനുയോജ്യമാക്കൽ<br>2. കുട്ടികൾക്കാവശ്യമായ സ്പോർട്സ് സാമഗ്രികൾ ലഭ്യമാക്കൽ | ഒക്ടോബർ ആദ്യവാരം<br>സെപ്റ്റംബർ മാസത്തിനു മുൻപ് | ക്ലാസ് ടീച്ചർ<br>ടീച്ചർ യു.പി., എച്ച്.എസ്.എ | Rs.150000/- |

| | | | | | |
|---|---|---|---|---|---|
| | | 3. എല്ലാ തരത്തിലുള്ള മത്സരങ്ങളിൽ വിദ്യാർത്ഥികൾക്ക് അവസരം കൊടുക്കൽ | ഡിസംബർ വരെ | ടീച്ചർ യു.പി., എച്ച്.എസ്,എ | |
| | സാമൂഹികം | | | | |
| 1 | പൂർവവിദ്യാർഥി സംഘടനയുടെ പ്രവർത്തനം | 1. പ്രാഥമിക മീറ്റിങ്ങുകളായ കൈകോർക്കാൻ, സമന്വയം എന്നിവയിൽ പരമാവധി ഒ എസ് എ അംഗങ്ങളെ പങ്കെടുപ്പിക്കാൻ ശ്രമിച്ചെങ്കിലും ഒന്നുകൂടി കാര്യക്ഷമമാക്കാൻ മറ്റൊരു വേദി ഒരുക്കൽ. | | | Rs.150000/- |
| 2 | വിദ്യാലയ മികവുകൾ പൊതുസമൂഹവുമായി പങ്കിടൽ | എസ്.എസ്.എൽ.സി വിജയം 100 ശതമാനത്തിന്റെ ആഘോഷങ്ങൾ, രക്ഷകർത്താക്കൾ, അഭ്യുദയ കാംക്ഷികൾ എന്നിവരെ പങ്കെടുപ്പിച്ച് പൊതുജനവുമായി പങ്കുവെക്കാൻ അവസരമൊരുക്കുന്നു. | | | |

# പദ്ധതി വിശദാംശങ്ങൾ

അക്കാദമികം

ഉപമേഖല : ഗണിതം

| | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | ഗണിത പഠനം കൊണ്ട് ലക്ഷ്യമിടുന്നത് ചിന്തയുടെ ഗണിതവത്കരണമാണ്. ഇതിന് പഠനപ്രവർത്തങ്ങളിൽ പഠിതാവിന്റെ ഇന്ദ്രിയങ്ങളുടെ സജീവ പങ്കാളിത്തം അനിവാര്യമാണ് ഗവേഷണ പ്രവർത്തങ്ങൾക്ക് താല്പര്യമുണ്ടാകുന്നതിന്ന് ഗണിത ലാബ് അത്യാവശ്യമാണ്. | 1. സംഖ്യ പാറ്റേൺ, ജ്യാമിതിയ പാറ്റേൺ എന്നി മത്സരങ്ങളിലൂടെ 5 മുതൽ 10 വരെയുള്ള കുട്ടികളിൽ നിന്ന് ഗണിതത്തിൽ അഭിരുചിയുള്ള കുട്ടികളെ കണ്ടെത്തുന്നു. | ജൂൺ ജൂലായ് | ഗണിത അദ്ധ്യാപികർ | Rs.1000/- |
| | | 2. ഗണിത പഠനോപകരണ പ്രദർശനം. 3. ഗണിത സാമഗ്രികൾ സൂക്ഷിക്കാൻ ഷെൽഫ്. | ഓഗസ്റ്റ് | | Rs.10000/- |
| | | 4. ഉയർന്ന ചിന്താശേഷി ആവശ്യമുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനുള്ള ഗണിത റഫറൻസ് ഗ്രന്ഥങ്ങൾ. | ജൂൺ | | Rs.2000/- |
| | | 5 ഗണിത മേളക്ക് ഒരുക്കൽ | സെപ്റ്റംബർ | | Rs.2000/- |

| | | | | | |
|---|---|---|---|---|---|
| 2 | ഉള്ളടക്ക പ്രധാനമായ ആശയധാരണകൾക്ക് ഐ.സി.ടി. സാധ്യതകൾ പ്രയോജനപ്പെടുത്തൽ. | 1. IT CLUB രൂപീകരണം<br>2. വിവിധ മേഖലകളിൽ മത്സരങ്ങൾ ഐ.ടി യിലൂടെ നടത്തി കുട്ടികളുടെ കഴിവ് പരിപോഷിപ്പിക്കുന്നു | ജൂൺ<br>ജൂലായ് | ഗണിത അദ്ധ്യാപികർ | Rs.500/- |
| 3 | ജൈവവൈവിധ്യ പാർക്ക് രൂപികരണം | 1. ജ്യാമിതിയ രൂപങ്ങളുടെ ആകൃതിയിൽ ജൈവവൈവിധ്യ പാർക്ക് സജ്ജമാക്കി<br>2. ഔഷധസസ്യങ്ങൾ ശേഖരിച്ച് ജ്യാമിതിയ രൂപങ്ങളിൽ സജ്ജമാക്കി. | ഓഗസ്റ്റ് | ഗണിത അദ്ധ്യാപികർ | Rs.1000/- |
| | ഭൗതികം | | | | |
| 1 | മൾട്ടിമിഡിയ റൂം സജീകരിക്കൽ | 1. 3 ക്ലാസ് മുറികൾ നിലം ടൈൽ ഇട്ട് ഒരുക്കൽ<br>2. ജനലുകളും വാതിലുകളും അടച്ചുറപ്പുള്ളതാക്കുന്നു<br>3. ചുമരുകൾ പെയിന്റ് ചെയ്ത് വൃത്തിയാക്കൽ<br>4. ലാപ്ടോപ്പ്, പ്രൊജക്ടർ, കേബിൾ, പ്രൊജക്ടർ സ്റ്റാൻഡ്, വൈറ്റ് ബോർഡ് ,എന്നിവ സംഘടിപ്പിക്കുന്നു .<br>5. ഇവ ഭദ്രമായി സൂക്ഷിക്കാൻ അടച്ചുറപ്പുള്ള ഷെൽഫുകൾ | ഓഗസ്റ്റ്<br>സെപ്റ്റംബർ | HM, ക്ലാസ് ടീച്ചർ | Rs.200000/- |

| | | | | | |
|---|---|---|---|---|---|
| | | സജ്ജീകരിക്കൽ | | | |
| 2 | അനുയോജ്യമായ കളിസ്ഥലം ഒരുക്കൽ | 1. കളിക്കാനനുയോജ്യമല്ലാത്ത ഗ്രൗണ്ട് മണ്ണിട്ട് നികത്തി അനുയോജ്യമാക്കൽ | ഒക്ടോബർ | ടീച്ചർ | Rs.200000/-<br>Rs.50000/- |
| 3 | ലൈബ്രറി സജ്ജീകരണം | വിഷയാനുസൃതമായി പുസ്തകങ്ങൾ ഭദ്രമായി സൂക്ഷിക്കാൻ ഷെൽഫുകൾ സജ്ജമാക്കൽ | | | |
| | സാമൂഹികം | | | | |
| 1 | പി.ടി.എ, പൂർവ വിദ്യാർഥി കൾ, ജനപ്രതിനിധികൾ ഇവരുടെ പങ്കാളിത്തം | പഠനപ്രവർത്തനങ്ങളുടെ ആസൂത്രണത്തിലും വിനിമയ പ്രക്രിയയിലും ജനാധിപത്യ സമീപനം ഉണ്ടാവാൻ ആവശ്യമായ വേദി ഒരുക്കുന്നു. | ജൂലായ് | | Rs.25000/- |
| 2 | വിദ്യാലയ മികവുകൾ പൊതുസമൂഹവുമായി പങ്കിടൽ | വിവിധ മേഖലകളിലുള്ള മികവുകളുടെ ആഘോഷങ്ങൾ രക്ഷകർത്താക്കൾ, അഭ്യുദയ കാംക്ഷികൾ എന്നിവരെ പങ്കെടുപ്പിച്ച് പൊതുജനവുമായി പങ്കുവെക്കാൻ അവസരമൊരുക്കുന്നു. | | | |

# പദ്ധതി വിശദാംശങ്ങൾ

അക്കാദമികം

ഉപമേഖല : മലയാളം

| | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | എല്ലാ കുട്ടികളേയും സ്വതന്ത്ര വായനക്ക് പ്രാപ്തരാകുന്നതിന് ലൈബ്രറി വിപുലീകരണം | 1: 5 മുതൽ 10 വരെയുള്ള കുട്ടികൾക്ക് ക്ലാസ് നിലവാരത്തിലുള്ള ലൈബ്രറി പുസ്തകങ്ങൾ വിതരണം ചെയ്തു. | ജൂൺ രണ്ടാം വാരം | മലയാളം ടീച്ചർ യു.പി.,എച്ച്.എസ്,എ | Rs.500/- |
| | | 2.ക്ലാസ് ലൈബ്രറി വികസിപ്പിക്കുന്നതിന്റെ ഭാഗമായി കുട്ടികൾ തന്നെ വീടുകളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും പുസ്തകങ്ങൾ ശേഖരിക്കുന്നു | ജൂൺ രണ്ടാം വാരം മുതൽ ജൂലായ് അവസാനം വരെ | ക്ലാസ് അദ്ധ്യാപിക | Rs.1000/- |
| | | 3. . 5 മുതൽ 10 വരെയുള്ള ക്ലാസ്സുകളിൽ ക്ലാസ് ലൈബ്രറി സജ്ജമാക്കുന്നു | ഓഗസ്റ്റ് ആദ്യവാരം | മലയാളം അദ്ധ്യാപിക | |

| | | | | | |
|---|---|---|---|---|---|
| 2 | കുട്ടികളിൽ സർഗ്ഗശേഷി വളർത്തിയെടുക്കുക | 1. കുട്ടികളിലെ സർഗാത്മക കഴിവുകൾ കണ്ടെത്തുവാൻ രചനാമത്സരങ്ങൾ നടത്തുന്നു.<br>2. വിദ്യാരംഗം കലാസാഹിത്യ വേദിയോടനുബന്ധിച്ച് കുട്ടികളുടെ സാഹിത്യ വാസന വളർത്തുന്നതിന് മത്സര വേദികൾ സംഘടിപ്പിച്ച് മികച്ചവരെ കണ്ടെത്തി സമ്മാനം നൽകുന്നു.<br>3. മികച്ച സാഹിത്യ രചനകൾ എല്ലാവർക്കും വായിക്കാൻ അവസരം ഒരുക്കുന്നു.<br>4. സ്കൂൾ അസ്സംബ്ലിയിൽ കുട്ടികളുടെ സാഹിത്യ വാസനകൾ പരിപോഷിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു. | ഓഗസ്റ്റ് രണ്ടാം വാരം മുതൽ<br><br>ജൂൺ രണ്ടാം വാരം മുതൽ ജനുവരി വരെ | വിദ്യാരംഗം കൺവീനർ മലയാളം അദ്ധ്യാപിക<br><br>മലയാളം ടീച്ചർ യു.പി., എച്.എസ്, എ | Rs.500/-<br><br>Rs.1000/- |
| 3 | മലയാളം കൃത്യമായി എഴുതാനും വായിക്കാനും അറിയാത്ത കുട്ടികളെ കണ്ടെത്തി അവരെ സ്വാതന്ത്ര വായനക്കും എഴുത്തിനും | 1. അക്ഷരം കൃത്യമായി അറിയാത്ത കുട്ടികളെ കണ്ടെത്താൻ ടെസ്റ്റ് നടത്തി.<br>2. സ്കൂൾ സമയത്തിന് ശേഷം 4.30 വരെ പ്രത്യേക പരിശീലനം നൽകി.<br>3. ആശയങ്ങളിലൂടെ അക്ഷരം പഠിപ്പിക്കുന്നു. | ജൂൺ അവസാന വാരം ജൂലായ് ആദ്യവാരം മുതൽ ഫെബ്രുവരി വരെ | | |

| | | | | | |
|---|---|---|---|---|---|
| | പ്രാപ്തരാക്കി . | | | | |
| 4 | പ്രകൃതിയിൽ നിന്നും കാര്യങ്ങൾ കണ്ടു ഗ്രഹിക്കുന്നതിന് . | വിനോദത്തോടൊപ്പം വിജ്ഞാനവും പ്രദാനം ചെയ്യുന്നതിന് 5 മുതൽ 10 വരെയുള്ള ക്ലാസ്സുകാർക്ക് പഠനയാത്രകൾ സംഘടിപ്പിക്കൽ . (കലാമണ്ഡലം, മ്യൂസിയങ്ങൾ എന്നിവടങ്ങളിലേക്ക് | ഒക്ടോബർ രണ്ടാം വാരം | അധ്യാപകർ,H.M | Rs10000/- |
| 5 | കൃഷിയെക്കുറിച്ചും മറ്റ് കലകളെക്കുറിച്ചും. കൂടുതൽ അറിവ് ശേഖരിക്കൽ | കർഷകരുമായും വിവിധ കലാമേഖലകളിലുള്ളവരുമായും അഭിമുഖ സംഭാഷണം സംഘടിപ്പിക്കൽ | നവംബർ മൂന്നാം വാരം | മലയാളം അധ്യാപകർ,H.M | Rs.5000/- |
| | ഭൗതികം | | | | |
| 1 | കുട്ടികളിൽ ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് ഭാഷാസ്വാദനവും വിവിധ കലാരൂപങ്ങൾ ആസ്വദിക്കലും | 1. കവിതയുടെ ഈണവും താളവും ഗ്രഹിച്ച് കവിതാസ്വാദനം സാധ്യമാക്കുന്നതിന് മികച്ച കവിതകൾ കേൾക്കാൻ അവസരം നൽകുന്നു. 2. പാഠപുസ്തകവുമായി ബന്ധപ്പെട്ട് പരിചയപ്പെടുന്ന അന്യം നിന്ന് പോയ കലാരൂപങ്ങൾ കാണാൻ അവസരം നൽകൽ. 3. പാഠഭാഗവുമായി ബന്ധപ്പെട്ട ആശയങ്ങൾ IT സാധ്യതയിലൂടെ | ജൂലായ് മുതൽ | മലയാളം അധ്യാപകർ,I.T. അധ്യാപകർ | Rs.5000/- |

| | | | | | |
|---|---|---|---|---|---|
| | | കുട്ടികകൾക്ക് സ്വയം കണ്ടെത്താനുള്ള പരിശീലനം നൽകുന്നു. | | | |
| | സാമൂഹികം | | | | |
| | പൂർവവിദ്യാർഥി സംഘടനയുടെ പ്രവർത്തനം | ലൈബ്രറി പുസ്തകങ്ങൾ ശേഖരിക്കാനും അവ കൃത്യമായി സജ്ജീകരിക്കാൻ ആവശ്യമായ ഷെൽഫുകളും മറ്റും സംഘടിപ്പിക്കാനും ഉള്ള ശ്രമങ്ങൾ. | | മലയാളം അധ്യാപകർ,OSA | Rs.10000/- |

## പദ്ധതി വിശദാംശങ്ങൾ

അക്കാദമികം

ഉപമേഖല : സാമൂഹ്യശാസ്ത്രം

| | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | സാമൂഹ്യശാസ്ത്രാവബോധം വളർത്താൻ സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ രൂപീകരണം | 1. 5 മുതൽ 10 വരെയുള്ള കുട്ടികളിൽനിന്ന് സാമൂഹ്യ ശാസ്ത്രത്തിൽ അഭിരുചിയുള്ള കുട്ടികളെ കണ്ടെത്തുന്നു<br>2. സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ നേതൃത്വത്തിൽ സ്കൂളിൽ നടത്താനുദ്ദേശിക്കുന്ന പരിപാടികൾ ആസൂത്രണം ചെയ്യൽ | ജൂൺ ആദ്യവാരം<br>ജൂലായ് ആദ്യവാരം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | Rs.1000/- |

| | | | | | |
|---|---|---|---|---|---|
| | | 3. ദിനാചരണങ്ങളോടനുബന്ധിച്ച് ഉപന്യാസ രചന.പോസ്റ്റർ രചന, ഫ്ലാഷ് മൊബ് , ക്വിസ്, ചിത്രരചന എന്നി മത്സരങ്ങളുടെ നടത്തിപ്പ് | ഓഗസ്റ്റ് ആദ്യവാരം | " | Rs.1000/- |
| | | 4. സാമൂഹ്യശാസ്ത്ര മേളയോടനുബന്ധിച്ച് വിവിധയിനം മത്സരങ്ങൾക്കായി കുട്ടികളെ സജ്ജമാക്കൽ | സെപ്റ്റംബർ ഒക്ടോബർ | " | Rs.1000/- |
| 2 | സാമൂഹ്യശാസ്ത്ര ആഭിമുഖ്യം വളർത്താൻ ലാബിന്റെ രൂപീകരണം. | 1. കുട്ടികൾ നിർമ്മിച്ച് കൊണ്ടുവരുന്ന പഠനോപകരണങ്ങൾ,പ്രദർശനം, ക്ലാസ്സിൽ സൂക്ഷിക്കേണ്ടവ, ലാബിൽ സൂക്ഷിക്കേണ്ടവ, തരം തിരിക്കുന്നു. | ജൂൺ രണ്ടാംവാരം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | Rs.500/- |
| | | 2. കുട്ടികളിൽ സ്ഥലങ്ങളുടെ കൃത്യമായ സ്ഥാനനിർണയം നടത്താനുതകുന്ന വിധത്തിൽ ലാബിൽ കൂടുതൽ ഗ്ലോബുകളും ഭൂപടങ്ങളും സജ്ജീകരിക്കുന്നു. | ജൂലായ് രണ്ടാംവാരം | | Rs.1000/- |
| | | 3. വസ്തുക്കൾ കാര്യക്ഷമമായി സൂക്ഷിക്കാൻ നല്ല ഷെൽഫുകൾ സജ്ജമാക്കൽ | ഓഗസ്റ്റ് രണ്ടാംവാരം | " | Rs.2000/- |
| | | 4. സാമൂഹ്യ ശാസ്ത്ര പുസ്തകങ്ങൾ ക്ലാസ് നിലവാരത്തിനനുസരിച്ച് വാങ്ങി ക്ലാസ്സിൽ തന്നെ ഷെല്ഫുകളിൽ സൂക്ഷിക്കൽ. | സെപ്റ്റംബർ | | Rs.1000/- |

| | | | | | |
|---|---|---|---|---|---|
| | | 5. സാമൂഹ്യത്തിൽ താല്പര്യമുള്ള കുട്ടികളെ പഠനയാത്രക്ക് സജ്ജമാക്കൽ. | ഒക്ടോബർ രണ്ടാംവാരം | " | |
| 3 | ജൈവവൈവിധ്യ പാർക്ക് രൂപീകരണം | 1. ചെറിയ തോതിൽ സജ്ജീകരിച്ച പാർക്ക് വീണ്ടും വിപുലമാക്കാൻ ജനപ്ര തിനിധികൾ, അഭ്യുദയകാംഷികൾ, പി,ടി,എ അംഗങ്ങൾ എന്നിവരെ ഉപയോഗപ്പെടുത്തൽ<br><br>2. വിവിധയിനം ചെടികൾ വിദ്യാർത്ഥികൾ വഴി വിടുകളിൽ നിന്ന് സംഘടിപ്പിക്കൽ<br><br>3. വിഷരഹിത പച്ചക്കറി ലഭ്യമാക്കൽ | ജൂൺ<br><br>ഒക്ടോബർ വരെ | ക്ലാസ് അദ്ധ്യാപിക PTA<br><br>ക്ലാസ് അദ്ധ്യാപിക | Rs.2000/- |
| | ഭൗതികം | | | | |
| 1 | മൾട്ടിമീഡിയ റൂം സജ്ജികരിക്കൽ | 1. 3 ക്ലാസ് മുറികൾ നിലം ടൈൽ ഇട്ട് ഒരുക്കൽ<br><br>2. ജനലുകളും വാതിലുകളും അടച്ചുറപ്പുള്ളതാക്കുന്നു<br>3. ചുമരുകൾ പെയിന്റ് ചെയ്ത് വൃത്തിയാക്കൽ | ഓഗസ്റ്റ് രണ്ടാംവാരം | HM,OSA, ക്ലാസ് അദ്ധ്യാപിക | Rs.150000/ |

| | | | | | |
|---|---|---|---|---|---|
| | | 4. ലാപ്ടോപ്പ്, പ്രൊജക്ടർ, കേബിൾ, പ്രൊജക്ടർ സ്റ്റാൻഡ്, വൈറ്റ്ബോർഡ് എന്നിവ സംഘടിപ്പിക്കുന്നു.<br><br>5. ഇവ ഭദ്രമായി സൂക്ഷിക്കാൻ അടച്ചുറപ്പുള്ള ഷെൽഫുകൾ സജ്ജീകരിക്കൽ | സെപ്റ്റംബർ ഒക്ടോബർ | | |
| 2 | അനുയോജ്യമായ കളിസ്ഥലം ഒരുക്കൽ | 1. കളിക്കാനനുയോജ്യമല്ലാത്ത ഗ്രൗണ്ട് മണ്ണിട്ട് നികത്തി അനുയോജ്യമാക്കൽ<br><br>2. കുട്ടികൾക്കാവശ്യമായ സ്പോർട്സ് സാമഗ്രികൾ ലഭ്യമാക്കൽ<br><br>3. എല്ലാ തരത്തിലുള്ള മത്സരങ്ങളിൽ വിദ്യാർത്ഥികൾക്ക് അവസരം കൊടുക്കൽ | ഒക്ടോബർ ആദ്യവാരം<br><br>സെപ്റ്റംബർ മാസത്തിനു മുൻപ്<br><br>ഡിസംബർ വരെ | HM,OSA, ക്ലാസ് അദ്ധ്യാപിക | Rs.100000/ |
| | സാമൂഹികം | | | | |
| 1 | പൂർവവിദ്യാർഥി സംഘടനയുടെ പ്രവർത്തനം | 1. പ്രാഥമിക മീറ്റിങ്ങുകളായ കൈകോർക്കാൻ; സമന്വയം എന്നിവയിൽ പരമാവധി ഒ എസ് എ അംഗങ്ങളെ പങ്കെടുപ്പിക്കാൻ ശ്രമിച്ചെങ്കിലും ഒന്നുകൂടി കാര്യക്ഷമമാക്കാൻ മറ്റൊരു വേദി ഒരുക്കൽ. | | OSA, ക്ലാസ് അദ്ധ്യാപിക | |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 2 | വിദ്യാലയ മികവുകൾ പൊതുസമൂഹവുമായി പങ്കിടൽ | എസ്.എസ്.എൽ.സി വിജയം 100 ശതമാനത്തിന്റെ ആഘോഷങ്ങൾ, രക്ഷകർത്താക്കൾ, അഭ്യുദയ കാംക്ഷികൾ എന്നിവരെ പങ്കെടുപ്പിച്ച് പൊതുജനവുമായി പങ്കുവെക്കാൻ അവസരമൊരുക്കുന്നു. | | | |

## പദ്ധതി വിശദാംശങ്ങൾ

അക്കാദമികം

ഉപമേഖല : ഇംഗ്ലീഷ്

| | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | എല്ലാ കുട്ടികൾക്കും ഭാഷ ഫലപ്രദമായി വായിക്കുവാനും എഴുതുവാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ. | 1. പഠനനിലവാരം കണ്ടെത്തുവാൻ ചെറിയ മത്സരങ്ങൾ നടത്തി. പരിമിതികൾ കണ്ടെത്തുന്നു.<br>2. അസ്സംബ്ലിയിൽ ഇംഗ്ലീഷ് അവതരിപ്പിക്കാൻ അവസരം നൽകുന്നു. | ഓഗസ്റ്റ്<br>ആഴ്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് ടീച്ചർ എസ്.ർ. ജി.<br>ഇംഗ്ലീഷ് ടീച്ചർ H.M. | |

| ലക്ഷ്യങ്ങളും വിദ്യാലയം പ്രതീക്ഷിക്കുന്ന നേട്ടങ്ങളും | | | |
|---|---|---|---|
| ലക്ഷ്യം | അക്കാദമികം | ഭൗതികം | സാമൂഹികം |
| ഈ വിദ്യാലയത്തിൽ പഠിക്കുന്ന മുഴുവൻ കുട്ടികളെയും (5-10വരെ) അവർ ആർജ്ജിക്കുന്ന ശേഷികളും, ധാരണകളും മൂല്യങ്ങളും അവരുടെ കഴിവിനനുസരിച്ച് അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുക. | വായന സംസ്കാരം പ്രോത്സാഹിപ്പിക്കുന്നു. അന്വേഷണാത്മക പഠനത്തിൽ സ്കൂൾ വായനശാലകളും ലബോറട്ടറികളും ഉപയോഗപ്പെടുത്തുന്നു. പഠനവിഷയങ്ങളിൽ ദൃഢത വരുത്തുന്നു. കണക്ക്, സയൻസ്, ഐ.ടി. ഭാഷാവിഷയങ്ങളിൽ ധാരണയും കഴിവും നേടുന്നു. മൂന്ന് ഭാഷകളിലെങ്കിലും നാല് ജ്ഞാനവും ആശയവിനിമയ ശേഷിയും നേടുന്നവരാകുന്നു. ആരോഗ്യപരമായ പഠന വിദ്യാർത്ഥികളുടെ ഇടയിൽ സൃഷ്ടിക്കുന്നു. | ആനുകാലിക പ്രസിദ്ധീകരണങ്ങളും പത്രങ്ങളും ലഭ്യമാക്കുന്നു. (മാതൃഭൂമി, മലയാള മനോരമ ദീപിക, ദേശാഭിമാനി, വിദ്യാരംഗം, കേരള കർഷകൻ) പഠനം ലൈബ്രറിയുടെ മികച്ച റിസോഴ്സ് റൂം. ഡിജിറ്റൽ ലൈബ്രറി, സ്മാർട്ട് ക്ലാസുകൾ. | അധ്യാപക രക്ഷാകർതൃ സംഘടനകൾ, പൂർവ്വ വിദ്യാർത്ഥി സംഘടനകൾ (പഞ്ചായത്ത് തലം. ഇവരുടെ കാര്യ ചിന്തയായ ഇടപെടലുകൾ സ്വീകരിക്കുന്നു. SSA, RMSA, MLA ഫണ്ടുകൾ, മറ്റു സ്വകാര്യ സഹായങ്ങൾ |

| ലക്ഷ്യം | അക്കാദമികം | ഭൗതികം | സാമൂഹികം |
| --- | --- | --- | --- |
| വിദ്യാലയം സമ്പൂർണ്ണം ഒരു പാഠപുസ്തക മെന്ന നിലയിൽ ജൈവ വൈവിധ്യ പാർക്ക് നിർമ്മാണം | 1. ഹരിത പരിസരം രൂപപ്പെടുത്തൽ<br>2. ഔഷധോദ്യാനം നക്ഷത്രവനം, പൂന്തോട്ട നിർമ്മാണം എന്നിവയി ലൂടെ സസ്യശാസ്ത്രപഠനം സുഗമമായി ചെയ്യപ്പെടു നിരീക്ഷണം, പരീക്ഷണ ങ്ങൾ ക്ലിനിക്കുകൾ അനുഭവസമ്പന്നം ഉറപ്പിലാക്കുന്നു.<br>3. പരിസ്ഥിതി ക്ലബ്ബ്, പൗൾട്രി ക്ലബ്ബ് തുടങ്ങി യവയുടെ പ്രവർത്തനത്തിൽ ഭൗതിക വസ്തുക്കളെ കുറിച്ച് അറിവും ധാരണയും വളർത്തൽ | ഔഷധസസ്യോദ്യാനനിർമ്മാണം<br>സ്ഥായിയായ ഊർജ്ജ ലഭ്യത ക്ക് സോളാർ പാനൽ<br>ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ<br>വിദ്യാലയത്തിൽ ഹരിത പാതകൾ ഒരുക്കൽ<br>വിദ്യാലയത്തിൽ മരങ്ങൾ വെച്ചു പിടിപ്പിക്കൽ<br>വൃക്ഷങ്ങളുടെ പേരും ശാസ്ത്രീയ പേരും ചേർത്ത് നാമകരണം. | സമീപ കർഷകർ, ജൈവ സാങ്കേതിക വിദഗ്ദ്ധരുടെ അഭിപ്രായങ്ങൾ, ചർച്ചകൾ, സെമിനാറുകൾ, ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കൽ<br>ചെടിച്ചട്ടികൾ, വളം, വിത്തുകൾ എന്നിവയ്ക്ക് സ്പോൺസർമാരെ കണ്ടെത്തുന്നു. |

| ലക്ഷ്യം | മാനസികം | ഭൗതികം | സാമൂഹികം |
| --- | --- | --- | --- |
| ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുകയും അത് ആകർഷകമാക്കുകയും ചെയ്യുക. ഭൗതിക മാനസിക സാംസ്കാരിക സൗകര്യങ്ങൾ വിദ്യാലയങ്ങൾക്ക് ലഭ്യമാക്കുന്നതിന് പ്രാദേശിക പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുക. | വിദ്യാലയത്തിന്റെ ഭൗതിക അന്തരീക്ഷം ആകർഷകമാക്കി എല്ലാ തരത്തിലുമുള്ള വിദ്യാർത്ഥികളുടെയും പഠനനിലവാരം മെച്ചപ്പെടുത്താൻ സാധിക്കും. ശാരീരിക പരിമിതികൾ ഉള്ള വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലനം നൽകുക. കലാ കായിക പ്രവൃത്തി വിദ്യാഭ്യാസത്തിന് സമഗ്രമായ ശ്രദ്ധ ഉൾപ്പെടുത്തൽ വിദ്യാർത്ഥികളിലെ കായിക മികവ് വർദ്ധിപ്പിക്കുക. തൊട്ടടുത്ത വിദ്യാലയങ്ങളെ കൂട്ടിയിണക്കി കൊണ്ട് കായികമേള സംഘടിപ്പിക്കുക. | ചുറ്റുമതിൽ, ചുമരുകൾ വിവിധ പെയിന്റ് ചെയ്ത് ആകർഷകമാക്കൽ, പൂന്തോട്ടം വച്ചുപിടിപ്പിക്കൽ. ജലം, തറ, [redacted]ദികൾ തുടങ്ങി ആകർഷകമാക്കുക. റാമ്പ്, വീൽചെയർ തുടങ്ങിയവ എന്നിവയുടെ സൗകര്യം ഒരുക്കൽ. സെമിനാർ ഹാൾ, ക്ലാസ് മുറി വിദ്യുതീകരണം, സ്മാർട്ട് കർട്ടൻ, മൈക്ക്സെറ്റ്. കളിസ്ഥലം, ചുറ്റും കായിക പരിശീലന ക്യാമ്പുകൾ, ഫുട്ബോൾ കോർട്ട് നിർമ്മാണം, ഷട്ടിൽ കോർട്ട് നിർമ്മാണം, അത്‌ലറ്റിക്സ് എന്നിവയ്ക്ക് ആവശ്യമായ കളിസ്ഥലം ഒരുക്കൽ. കളി ഉപകരണങ്ങൾ വാങ്ങൽ, കായിക മേഖല ലക്ഷ്യങ്ങളിലൂടെ നിരന്തര പരിശീലനങ്ങൾ. | SSG, PTA എന്നിവയുടെ പങ്കാളിത്തം ഉറപ്പുവരുത്തൽ, വ്യാപാര വ്യവസായ സംഘങ്ങൾ. കായിക മേഖലയിലെ പ്രശസ്തരായ ആളുകളെ സ്കൂൾ പ്രവർത്തനങ്ങളുമായി ബന്ധിപ്പിക്കൽ. PTA, ജനപ്രതിനിധികൾ ജില്ലാ സ്പോർട്സ് കൗൺസിൽ ലോക്കൽ ആർട്സ് & സ്പോർട്സ് ക്ലബ്ബുകളുടെ പ്രവർത്തനം. സ്പോൺസർമാരെയും കലാ കായിക വിദഗ്ധരെ കണ്ടെത്തൽ. |

| ലക്ഷ്യം | വൈകാരികം | ഭൗതികം | സാമൂഹികം |
|---|---|---|---|
| പ്ലാസ്റ്റിക്, ലഹരി വിമുക്ത വിദ്യാലയം യാഥാർത്ഥ്യമാക്കുക | ലഹരിയുടെ ഉപയോഗം പുതിയ തലമുറയിൽ നിന്ന് ഒഴിവാക്കാനുള്ള മനോഭാവം വളർത്തിയെടുക്കുക.<br>വിദ്യാലയാടിസ്ഥാനത്തിൽ വീടുകൾ, പ്രദേശങ്ങൾ കേന്ദ്രീകരിച്ച് ബോധവത്കരണ ക്ലാസുകൾ, നാടകങ്ങൾ, സ്കിറ്റുകൾ, ഹ്രസ്വചിത്രങ്ങൾ സംഘടിപ്പിക്കുക.<br>ഈ പ്രവർത്തനങ്ങൾ ഏറ്റെടുപ്പിക്കാനുള്ള പരിശീലനങ്ങൾ, SRG, JRC, സ്കൗട്ട് വിദ്യാർത്ഥികൾക്ക് നൽകുക.<br>മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ വേർതിരിക്കുന്നത് ഒരു ശീലമായും ജീവിതരീതിയായും സ്കൂൾ തലത്തിൽ തന്നെ മാറാൻ പ്രേരിപ്പിക്കുക | പേപ്പർബാഗുകൾ, പ്ലാസ്റ്റിക് രഹിത ജൈവിക നാരുകൾ സംഘടിപ്പിക്കുക.<br>പ്ലാസ്റ്റിക് രഹിത ബാഗുകൾ നിർബന്ധമാക്കുക.<br>ഹ്രസ്വചിത്ര നിർമ്മാണം, നാടക കളരികൾ, നടത്തുന്നതിനാവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കുക.<br>പ്ലാസ്റ്റിക് ഉത്പന്നങ്ങൾ ഭൂമിക്ക് വരുത്തിവയ്ക്കുന്ന നാശനഷ്ടങ്ങൾ സെമിനാറുകൾ, ചർച്ചാക്ലാസുകൾ സംഘടിപ്പിക്കുക. | ആരോഗ്യ സമിതികൾ രൂപവത്കരിക്കുക.<br>സ്കൗട്ട്, JRC അംഗങ്ങളുടെ നേതൃത്വത്തിൽ സ്കൂൾ തല ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ പ്രാദേശിക ജനപ്രതിനിധികളുടെ സഹായത്തോടെ നടപ്പിലാക്കുക. മദ്യം, മയക്കുമരുന്ന് ജനകീയ പങ്കാളിത്തത്തോടെ സ്കൂൾ പരിസരത്തുനിന്ന് നീക്കം ചെയ്യുക - |

| ലക്ഷ്യം | അക്കാദമികം | ഭൗതികം | സാമൂഹികം. |
|---|---|---|---|
| ക്ലാസ് മുറികൾ ഹൈടെക് ആക്കി മാറ്റുക. | പഠനനിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി ക്ലാസ്സ്മുറികളിൽ ഡിജിറ്റൽ സൗകര്യം ഒരുക്കുന്നു. (LCD Projector ഉപയോഗിച്ചുള്ളത്, Interactive Board, Wifi സൗകര്യം പ്രവർത്തനങ്ങൾ റെക്കോർഡ് ചെയ്യുന്നതിനുള്ള സംവിധാനം, വീഡിയോ കോൺഫറൻസിംഗിലൂടെ ക്ലാസ്സുകൾ, സൗണ്ട് സിസ്റ്റം) | 1. ഓരോ കുട്ടിക്കും Laptop ക്ലാസ്സുകളിൽ ഉപയോഗിക്കാൻ സാധിക്കുന്ന വിധത്തിൽ വൈദ്യുതി പോയിന്റുകളും ഉപകരണങ്ങളും നിർമ്മിക്കൽ<br>2. പഠനോപകരണങ്ങൾ സൂക്ഷിച്ചുവെക്കുന്നതിനുള്ള ഷെൽഫുകൾ.<br>3. ശബ്ദ നിയന്ത്രണ സംവിധാനങ്ങൾ. | MP, MLA fund ഉപയോഗപ്പെടുത്തൽ. |

# വിദ്യാലയത്തിന്റെ പ്രവർത്തനങ്ങൾ നിരീക്ഷിക്കാനുള്ള ജനകീയ സമിതി രൂപീകരണം

സെന്റ്. ആന്റണീസ് പുത്തൻപീടിക ഹൈസ്കൂളിന്റെ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത് ജനകീയ പങ്കാളിത്തത്തോടെയാണ്. വിദ്യാലയത്തിന്റെ പ്രവർത്തനങ്ങളിൽ സഹായിക്കാൻ വിവിധ കമ്മിറ്റികളുള്ള രൂപീകരിച്ചിട്ടുണ്ട്. വാർഡ് മെമ്പർ, മാനേജ്മെന്റ്, പ്രധാനാധ്യാപിക, PTA പ്രതിനിധികൾ, അധ്യാപക അനധ്യാപകർ - MPTA, SSA, RMSA, SSG, SMC, OSA, ബ്ലോക്ക് തല പ്രതിനിധികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പൊതുസമൂഹം, പൂർവ്വ അധ്യാപകർ എന്നിവരെല്ലാം ഇതിന് അംഗങ്ങളാണ്.

വിദ്യാർത്ഥികൾ ആർജ്ജിക്കുന്ന കഴിവുകൾ വിലയിരുത്താൻ ഇവരെല്ലാവരും സന്നദ്ധരാണ്. അക്കാദമിക പ്രവർത്തനങ്ങൾ, PTA, SMC, OSA എന്നിവരുടെ നേതൃത്വത്തിൽ ഭൗതിക പ്രവർത്തനങ്ങൾ സ്കൂൾ മാനേജ്മെന്റും ജനപ്രതിനിധികളും ശ്രദ്ധയോടെ വീക്ഷിക്കുന്നു. SSA, RMSA, തദ്ദേശസ്വയംഭരണ വിദ്യാഭ്യാസ സമിതികൾ പ്രതിമാസം വിദ്യാലയ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നു.

ജനപങ്കാളിത്തത്തോടെ തയ്യാറാക്കുന്ന ഈ വികസന പദ്ധതികൾ വിലയിരുത്തുന്നതോടൊപ്പം തന്നെ വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കുക എന്ന ലക്ഷ്യപ്രാപ്തിയിലേക്ക് എത്തിക്കാനും എല്ലാം തങ്ങളാൽ കഴിയും വിധം ശ്രമിക്കുന്നു.

# മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ

* CWSN പിന്തുണാസംവിധാനങ്ങൾ കൂടുതൽ കാര്യക്ഷമമായി തുടരുക
* ഭവനസന്ദർശനം, വീൽചെയർ സംവിധാനം, വാഹനസൗകര്യം സ്പെഷ്യൽ കോച്ചിംഗ്, വിനോദയാത്ര, കലാമേള
* മൂല്യാധിഷ്ഠിതവിദ്യാഭ്യാസം, സ്വഭാവരൂപവത്കരണം എന്നിവയ്ക്ക് കൂടുതൽ അവസരങ്ങൾ ഒരുക്കുക.
* അടിസ്ഥാനഭാഷാശേഷി വികസനം
* ഗണിതശേഷി വികസനം
* ലിറ്റിൽ സയന്റിസ്റ്റ്
* ക്ലാസ് ലൈബ്രറി മെച്ചപ്പെടുത്തി കുട്ടികളിലെ സർഗ്ഗവാസന പ്രോത്സാഹിപ്പിക്കൽ.
* സാഹിത്യാഭിരുചി വർദ്ധിപ്പിക്കുന്നതിനുള്ള പരിപാടികൾ
* പഠനയാത്രകൾ, ഫീൽഡ് ട്രിപ്പുകൾ.
* വിദഗ്ധ പരിശീലനം
* വിദ്യാലയ അന്തരീക്ഷം മെച്ചപ്പെടുത്തൽ
* സ്കൂൾ ചുറ്റുവട്ടത്തെ എല്ലാ കുട്ടികളെയും സ്കൂളിലേക്ക് ആകർഷിക്കുന്നതിനുള്ള പദ്ധതികൾ ഉറപ്പുവരുത്തുക.
* OSA, CPTA തുടങ്ങിയ സംവിധാനങ്ങളിലൂടെ ശാസ്ത്ര പരീക്ഷണശാലയുടെ വികസനം.
* ജൈവവൈവിധ്യ പാർക്ക്.
* ജൈവ പച്ചക്കറിത്തോട്ടം.
* രോഗനിർണയക്യാമ്പ്.
* ഉച്ചഭക്ഷണ പരിപാടി മെച്ചപ്പെടുത്തൽ

* സ്കൂൾ ബ്ലോഗ്
* കളിസ്ഥലം വികസനം
* ലൈബ്രറി നവീകരണം.
* മാലിന്യസംസ്കരണ സംവിധാനം
* ചലച്ചിത്രമേളകൾ. , ശില്പശാലകൾ.

# ഉപസംഹാരം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സെന്റ് ആന്റണീസ് പുത്തൻപീടിക ഹൈസ്കൂളിന്റെ അക്കാദമിക അന്തരീക്ഷം മെച്ചപ്പെടുത്താനുള്ള കഠിനമായ പ്രയത്നമാണ് ഓരോ വികസന സമിതികളും നിർവഹിച്ചുകൊണ്ടിരിക്കുന്നത്. വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികളും ഓരോ ക്ലാസിലും ആർജ്ജിക്കേണ്ട ശേഷികളും കഴിവുകളും ധാരണകളും അന്താരാഷ്ട്ര നിലവാരത്തിലെത്തിക്കാനാണ് ശ്രമിക്കുന്നത്. എവിടെയും അവസരതുല്യത, പങ്കാളിത്തം, ഗുണനിലവാരം മാനവികത എന്നിവയ്ക്ക് ഈ വിദ്യാലയം വളരെ ഊന്നൽ നൽകുന്നു. പാർശ്വവത്കരിക്കപ്പെട്ടവരും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുമായ ഈ വിദ്യാലയത്തിലെ വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട പരിഗണന വിദ്യാലയം നൽകുന്നു. വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം കുട്ടികളുടെ സമഗ്ര വികസനമാണെന്ന് മനസിലാക്കി വിദ്യാലയത്തിന്റെ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി മാറാൻ സെന്റ് ആന്റണീസ് പുത്തൻപീടിക ഹൈസ്കൂൾ എന്നും സന്നദ്ധമാണ്.

FRANCIS K K
HEADMASTER
PEN No: 664565
ST. ANTONY'S HIGHER SECONDARY SCHOOL
PUTHENPEEDIKA 680642